# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കണ്ണാടി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001

ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ : 0491-2520145

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: 15/1784/2023 നം.കെ.എസ്.എ-(പികെഡി) പി

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയ്യതി: 16/12/2023
ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ: 0491-2520145

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കണ്ണാടി ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : കണ്ണാടി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കണ്ണാടി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: നം.കെ.എസ്.എ-(പികെഡി) പി 15/1784/2023 തീയ്യതി: 16/12/2023

## പാലക്കാട് ജില്ലയിലെ കണ്ണാടി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13** , **1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18**, (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ കണ്ണാടി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 04-02-2023 മുതൽ 01-11-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 24 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 7 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

### ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| രാംമനോഹർ. വി.കെ | ഡെപ്യൂട്ടി ഡയറക്ടർ | 02-11-2023 | 10-11-2023 |

### ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 02-11-2023 | 10-11-2023 |

### ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

സുസ്മിത.കെ.വി - ഓഡിറ്റ് ഓഫീസർ

സി.എൽ.പദ്മകുമാർ - സീനിയർ ഗ്രേഡ് ഓഡിറ്റർ

എം.വി.ബീന -സീനിയർ ഗ്രേഡ് ഓഡിറ്റർ

അശ്വിനി.ടി.കെ - ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.ലത.എം | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ.കിഷോർ | സെക്രട്ടറി | 01-04-2022 | 11-10-2022 |

| | | | |
|---|---|---|---|
| ശ്രീ.രാധാകൃഷ്ണൻ | സെക്രട്ടറി | 12-10-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.സോമസുന്ദരൻ | അസിസ്റ്റന്റ്.സെക്രട്ടറി | 01-04-2022 | 25-10-2022 |
| ശ്രീമതി.നന്ദിനി. | അസിസ്റ്റന്റ്.സെക്രട്ടറി | 26-10-2022 | 31-03-2023 |
| ശ്രീമതി.മേഘ മോഹൻ | കൃഷി ഓഫീസർ | 01-04-2022 | 18-10-2022 |
| ശ്രീ.ഗൗതം | കൃഷി ഓഫീസർ | 19-10-2022 | 24-10-2022 |
| ശ്രീമതി.അശ്വിനി | കൃഷി ഓഫീസർ | 25-10-2022 | 28-02-2023 |
| ശ്രീ.ഗൗതം | കൃഷി ഓഫീസർ | 01-03-2023 | 31-03-2023 |
| ശ്രീമതി.സലീന ബി.എച്ച് | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ശ്രീമതി.ഗീത.കെ | ഹെഡ്മിസ്ട്രസ് | 01-04-2022 | 31-03-2023 |
| ശ്രീമതി.അനിത.സി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 22-04-2022 |
| ശ്രീമതി.മൊഹിന.എം | അസിസ്റ്റന്റ് എഞ്ചിനീയർ | 23-04-2022 | 19-11-2022 |
| ശ്രീമതി.ജയനിർമല .ബി | അസിസ്റ്റന്റ് എഞ്ചിനീയർ | 20-11-2022 | 31-03-2023 |
| ശ്രീമതി.രജിത | വി ഇ ഒ I | 01-04-2022 | 17-08-2022 |
| ഒഴിവ് | വി ഇ ഒ I | 18-08-2022 | 18-09-2022 |
| ശ്രീ.ബിജുമോൻ | വി ഇ ഒ I | 19-09-2022 | 31-03-2023 |
| ശ്രീമതി.നഷീദ | വി ഇ ഒ | 01-04-2022 | 31-03-2023 |
| ഡോ.അതിഥി.ആർ | മെഡിക്കൽ ഓഫീസർ , പി.എച്ച്.സി | 01-04-2022 | 05-05-2022 |
| ഡോ.അജയൻ വിജയഗോപാൽ | മെഡിക്കൽ ഓഫീസർ , പി.എച്ച്.സി | 06-05-2022 | 31-03-2023 |
| ഡോ.ഉഷാകുമാരി | മെഡിക്കൽ ഓഫീസർ , ആയുർവേദം | 01-04-2022 | 31-03-2023 |
| ഡോ.നിഷ എസ് | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2022 | 20-04-2022 |
| ഡോ.പദ്മ സുകന്യ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 21-04-2022 | 31-03-2023 |
| ശ്രീമതി.അജ്ഞന എം | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 03-06-2022 |
| ശ്രീമതി.പ്രിയ പി ബി | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 04-06-2022 | 06-06-2022 |
| ശ്രീമതി.ശ്രീലത.ജി | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 07-06-2022 | 31-03-2023 |
| ശ്രീ.രാജേഷ്.എസ് | ഫിഷറീസ് ഓഫീസർ | 01-04-2022 | 06-02-2023 |
| ശ്രീ.ദേവദാസ് | ഫിഷറീസ് ഓഫീസർ | 07-02-2023 | 31-03-2023 |
| ഡോ.ദേവദാസ് | വെറ്ററിനറി സർജൻ | 01-04-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അടിസ്ഥാന അനുപാതങ്ങളും കുറിപ്പുകളും ഉൾപ്പെടുത്തിയിട്ടില്ല | 1-1-1 |
| 3 | ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ്-കൃത്യതയില്ല | 1-1-2 |
| 4 | ആസ്തി രജിസ്റ്ററും ബാലൻസ് ഷീറ്റിലെ ആസ്തികളുടെ മൂല്യവും തമ്മിൽ പൊരുത്തപ്പെടുന്നില്ല | 1-1-3 |
| 5 | സമയബന്ധിതമായി ഡിമാന്റ് രേഖപ്പെടുത്തുന്നില്ല | 1-1-4 |
| 6 | കാലാവധി കഴിഞ്ഞ ചെക്കുകളിൽ സ്വീകരിക്കേണ്ട തുടർനടപടികൾ സ്വീകരിച്ചിട്ടില്ല | 1-1-5 |
| 7 | ബാങ്ക് റീകൺസീലിയേഷൻ സ്റ്റേറ്റ്മെന്റിലെ ബാങ്ക് ബുക്ക് നീക്കിയിരിപ്പും RP-40(b) പ്രകാരമുള്ള നീക്കിയിരിപ്പും വ്യത്യാസപ്പെട്ടിരിക്കുന്നു | 1-1-6 |
| 8 | ഡിപ്രസിയേഷൻ രേഖപ്പെടുത്തിയിട്ടില്ല | 1-1-7 |
| 9 | ബജറ്റ് | 1-2 |
| 10 | സാമ്പത്തിക വിശകലനം | 1-3 |
| 11 | ഫണ്ട് വിനിയോഗം | 1-4 |
| 12 | പദ്ധതി അവലോകനം | 1-5 |
| 13 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 14 | ക്ഷേമപദ്ധതികൾ | 1-7 |
| 15 | ക്യാഷ് പരിശോധന | 1-8 |
| 16 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 17 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 18 | ലൈസൻസ് അനുവദിച്ചിട്ടുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല | 1-11 |
| 19 | വസ്തുനികുതി നിർണ്ണയം അപാകതകൾ | 1-12 |
| 20 | ഷോപ്പിങ്ങ് മാളിന് വസ്തുനികുതി കുറവായി ഈടാക്കി | 1-12-1 |
| 21 | കെട്ടിടങ്ങളുടെ സ്ഥലവിസ്തീർണ്ണം-കൃത്യത പരിശോധിക്കേണ്ടതാണ് | 1-12-2 |
| 22 | വസ്തുനികുതി പരിഷ്കരണം 2023- അവലോകനം | 1-12-3 |
| 23 | ലൈസൻസ് രേഖകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ | 1-13 |
| 24 | ലൈസൻസ് ഫീസ് ഈടാക്കിയതിൽ കുറവ് | 1-13-1 |
| 25 | ഒരേ മൂലധന നിക്ഷേപ പരിധിയിലുള്ള സ്ഥാപനങ്ങളിൽ നിന്ന് വ്യത്യസ്ത ലൈസൻസ് ഫീസ് ഈടാക്കുന്നു. | 1-13-2 |
| 26 | ലൈസൻസ് അപേക്ഷയോ ബന്ധപ്പെട്ട രേഖകളോ ഹാജരാക്കിയിട്ടില്ല | 1-13-3 |
| 27 | വസ്തു നികുതി ഒടുക്കുന്ന വാണിജ്യസ്ഥാപനങ്ങളുടെ കണക്കും ലൈസൻസ് എടുത്ത സ്ഥാപനങ്ങളുടെ കണക്കും പൊരുത്തപ്പെടുന്നില്ല. | 1-13-4 |
| 28 | സാമൂഹ്യ സുരക്ഷ പെൻഷൻ വിതരണം-മരണപ്പെട്ടവരെ പെൻഷൻ ഗുണഭോക്തൃലിസ്റ്റിൽ നിന്നും സമയബന്ധിതമായി ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടില്ല. | 1-14 |
| 29 | ഹോമിയാ മരുന്ന് ലഭ്യമായില്ല ഹോമിയോ മരുന്ന് ലഭ്യമായില്ല ഹോമിയോ മരുന്ന്- ലഭ്യമായില്ല | 1-15 |
| 30 | തെരുവുവിളക്കുകളുടെ പരിപാലനം | 1-16 |
| 31 | തെരുവുവിളക്ക് പോസ്റ്റ് മാറ്റി സ്ഥാപിക്കലും ലൈൻ വലിക്കലും- ചെലവു തുകയുടെ വിനിയോഗ വിവരം ലഭ്യമല്ല | 1-17 |
| 32 | കോക്ലിയർ ഇംപ്ലാന്റേഷൻ - ധനവിനിയോഗസാക്ഷ്യപത്രം ഹാജരാക്കണം | 1-18 |
| 33 | വയോജനങ്ങൾക്ക് കട്ടിൽ -സ്പിൽ ഓവർ പദ്ധതി - അപാകതകൾ | 1-19 |
| 34 | ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ | 1-20 |

| | | |
|---|---|---|
| 35 | തെരുവു നായ്ക്കളുടെ പ്രജനന നിയന്ത്രണ പദ്ധതി - വിനിയോഗവിവരം ലഭ്യമാക്കേണ്ടതാണ് | 1-21 |
| 36 | ലൈഫ് ഭവനനിർമ്മാണം പൂർത്തീകരിച്ചില്ല | 1-22 |
| 37 | വ്യക്തിഗത ടോയ് ലറ്റ് നിർമ്മാണം - ജനറൽ - (സ്പിൽഓവർ )പൂർത്തീകരിച്ചില്ല | 1-23 |
| 38 | അനുപൂരകപോഷകാഹാരം - ബില്ലിൽ നിന്നും ജി.എസ്.ടി -ടി.ഡി.എസ് നടത്താതെ തുക അനുവദിച്ചു | 1-24 |
| 39 | മരാമത്ത് പ്രവൃത്തികൾ–ഫൈൻ ഈടാക്കിയില്ല | 1-25 |
| 40 | പ്രവൃത്തി ആരംഭിക്കുന്നതിന് മുൻപ് ആവശ്യമായ അനുമതികൾ ലഭ്യമാക്കിയില്ല | 1-26 |
| 41 | മരാമത്ത് പ്രവൃത്തികൾ -പൊതു അപാകതകൾ | 1-27 |
| 42 | ജി.എസ്.ടി ബാധകമല്ലാത്ത ഇനത്തിന് ജി.എസ്.ടി അനുവദിച്ചു | 1-28 |
| 43 | പഠനമുറി നിർമ്മാണപദ്ധതി - അപാകതകൾ | 1-29 |
| 44 | വയോജനങ്ങൾക്ക് കട്ടിൽ -നടപടിക്രമങ്ങൾ പാലിച്ചില്ല | 1-30 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രൊജക്ടുകൾക്കുള്ള ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-4 |
| 5 | വായ്പ-വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വാർഷിക പത്രികകൾ | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 2/27-07-23 കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 29-07-2023 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോറങ്ങൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള കണ്ണാടി ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 2023 ന് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31-03-2023 തിയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായി വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളുടെയും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോടു കൂടിയ അഭിപ്രായം**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായ, കണ്ണാടി ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

**ഡെപ്യൂട്ടി ഡയറക്ടർ**

സ്ഥലം: പാലക്കാട്
തിയതി: 16-12-2023

### 1-1-1 അടിസ്ഥാന അനുപാതങ്ങളും കുറിപ്പുകളും ഉൾപ്പെടുത്തിയിട്ടില്ല

കേരള പഞ്ചായത്ത് രാജ് അക്കൌണ്ട്സ് ചട്ടങ്ങൾ 2011, ചട്ടം 62 (ഇ,എഫ്) പ്രകാരമുള്ള അടിസ്ഥാന അനുപാതങ്ങളും കുറിപ്പുകളും വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

**1-1-2 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ്-കൃത്യതയില്ല**

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന അപാകതകൾ ഉണ്ട്.

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2022-23 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 9713145.00 രൂപയാണ്. എന്നാൽ ഇതെ പത്രികയിൽ 2022-23 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 8279276. 00 രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും ഗ്രാമപഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

**1-1-3 ആസ്തി രജിസ്റ്ററും ബാലൻസ് ഷീറ്റിലെ ആസ്തികളുടെ മൂല്യവും തമ്മിൽ പൊരുത്തപ്പെടുന്നില്ല**

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിര ആസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

**1-1-4 സമയബന്ധിതമായി ഡിമാന്റ് രേഖപ്പെടുത്തുന്നില്ല**

ഡിമാന്റുകൾ ഉത്ഭവിക്കുന്ന സമയത്ത് തന്നെ ഡിമാന്റ് എൻട്രി രേഖപ്പെടുത്തുന്നില്ല. ഉദാഹരണം- വസ്തുനികുതി ലെഡ്ജറിൽ വർഷാരംഭത്തിലും അവസാനത്തിലുമാണ് ഡിമാന്റ് രേഖപ്പെടുത്തുന്നത്

**1-1-5 കാലാവധി കഴിഞ്ഞ ചെക്കുകളിൽ സ്വീകരിക്കേണ്ട തുടർനടപടികൾ സ്വീകരിച്ചിട്ടില്ല**

അക്കൗണ്ട് നമ്പർ- 67199940336

ബാങ്ക് & ബ്രാഞ്ച് - സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, കണ്ണാടി

2023 മാർച്ച് മാസത്തെ ബാങ്ക് റീകൺസീലിയേഷൻ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ 30.06.2021 തീയതി മുതലുള്ള വിവിധ ചെക്കുകളിലായി **19,160** രൂപ പണമാക്കാത്ത ചെക്കുകളുടെ ഇനത്തിൽ ഉൾപ്പെടുത്തി കാണുന്നു. ചെക്കുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ചെക്ക് നമ്പർ | തീയതി | തുക (₹) |
|---|---|---|---|
| 1 | 586503 | 30-06-2021 | 300 |
| 2 | 663055 | 04-08-2021 | 6440 |
| 3 | 663047 | 02-08-2021 | 12420 |
| **ആകെ** | | | **19,160** |

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 46 പ്രകാരം കാലാവധി കഴിഞ്ഞ ചെക്കുകളിൽ സ്വീകരിക്കേണ്ട തുടർനടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിച്ചിട്ടില്ല. ചെക്കുകൾ അവയുടെ കാലാവധിയ്ക്കുള്ളിൽ മാറാതിരിക്കുകയും കാലാവധി ദീർഘിപ്പിച്ച് നൽകാതിരിക്കുകയും ചെയ്യുകയാണെങ്കിൽ പ്രസ്തുത ചെക്കുകളുടെ തുകകൾ കാലാവധി കഴിഞ്ഞ ചെക്കുകളുടെ അക്കൗണ്ടിലേക്ക് ബാദ്ധ്യതയായി മാറ്റേണ്ടതും ബാങ്ക് ബുക്കിൽ ഡെബിറ്റ് ചെയ്യേണ്ടതുമാണ്. പുതിയ ചെക്ക് നൽകുമ്പോൾ കാലാവധി കഴിഞ്ഞ ചെക്കുകളുടെ അക്കൗണ്ടിൽ ഡെബിറ്റ് ചെയ്യേണ്ടതാണ്. മേൽ ചെക്കുകളുടെ കാര്യത്തിൽ അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള നടപടി സ്വീകരിച്ചിട്ടില്ല.

**1-1-6 ബാങ്ക് റീകൺസീലിയേഷൻ സ്റ്റേറ്റ്മെന്റിലെ ബാങ്ക് ബുക്ക് നീക്കിയിരിപ്പും RP-40(b) പ്രകാരമുള്ള നീക്കിയിരിപ്പും വ്യത്യാസപ്പെട്ടിരിക്കുന്നു**

അക്കൗണ്ട് നമ്പർ- 799010100098201 (STSB)

31.03.2023 തീയതിയിലെ ട്രഷറി റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ ബാങ്ക് ബുക്ക്, പാസ്ബുക്ക് നീക്കിയിരിപ്പായി രേഖപ്പെടുത്തിയിട്ടുള്ളത് 0 രൂപയാണ്. RP-40(b) (Cash And Bank Balance, കോഡ്-450210104) പ്രകാരം നീക്കിയിരിപ്പായി രേഖപ്പെടുത്തിയിട്ടുള്ളത് 17,02,617 രൂപയാണ്.

**1-1-7 ഡിപ്രസിയേഷൻ രേഖപെടുത്തിയിട്ടില്ല**

ആസ്തികൾക്ക് തൻവർഷം Depreciation രേഖപ്പെടുത്തിയിട്ടില്ല

**1-2 ബജറ്റ്**

26-03-2022 ന് ചേർന്ന ഭരണ സമിതി യോഗത്തിലെ തീരുമാനം നം. 1(1) പ്രകാരം 2022-23 വർഷത്തെ ബജറ്റ് അംഗീകരിച്ചിട്ടുണ്ട്.

29-03-2023 ലെ തീരുമാനം നം. 2 പ്രകാരം പരിഷ്കരിച്ച ബജറ്റ് അംഗീകരിച്ചിട്ടുണ്ട്.

ബജറ്റ് സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രാരംഭ ബാക്കി | 95263 |
| തൻവർഷം വരവ് | 288570740 |
| ആകെ വരവ് | 288666003 |
| ചെലവ് | 170575800 |
| നീക്കിയിരിപ്പ് | 118090203 |

**1-3 സാമ്പത്തിക വിശകലനം**

| | |
|---|---|
| മുന്നിരിപ്പ് | 25258985 |
| വരവ് | 45725340 |
| ആകെ | 70984325 |
| ചെലവ് | 36012195 |
| നീക്കിയിരിപ്പ് | 34972130 |

(*) ILGMS മുഖേന തയ്യാറാക്കിയ വാർഷിക കണക്കിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള കണക്കാണ് മേൽ പട്ടികയിൽ ചേർത്തിട്ടുള്ളത്. ഗ്രാന്റിനങ്ങളിലെ വരവ്, ചെലവുകൾ പട്ടികയിൽ ഉൾപ്പെട്ടിട്ടില്ല. മറ്റ് ഫണ്ടുകളുടെ വരവ്, ചെലവ് വിവരം ഖ. 1-4 ൽ ചേർത്തിട്ടുണ്ട്.

**1-4 ഫണ്ട് വിനിയോഗം**

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് (ACR) | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സ് ആയ തുക |
|---|---|---|---|---|---|
| വികസനഫണ്ട് -ജനറൽ | 0 | 17787000 | 17787000 | 15913259 | 1873741 |
| വികസനഫണ്ട് - എസ്.സി.പി | 0 | 15932000 | 15932000 | 12082907 | 3849093 |
| മെയ്ന്റനൻസ് ഗ്രാന്റ് റോഡ് | 0 | 10566000 | 10566000 | 4045952 | 6520048 |
| മെയ്ന്റനൻസ് ഗ്രാന്റ് നോൺ | 0 | 4744000 | 4744000 | 3516940 | 1227060 |

| | | | | | |
|---|---|---|---|---|---|
| റോഡ് | | | | | |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-ടൈഡ് ഗ്രാന്റ്- ട്രഷറി | 2380596 | 0 | 2380596 | 550522 | 1830074 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്- ബേസിക് ഗ്രാന്റ്- ട്രഷറി | 107961 | 0 | 107961 | 0 | 107961 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ടൈഡ് -ഗ്രാന്റ്- ബാങ്ക് | 2653614 | 3716000 | 6369614 | 3898410 | 2471204 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് ബേസിക് ഗ്രാന്റ്-ബാങ്ക് | 1359976 | 2631570 | 3991546 | 2595885 | 1395661 |

AFS – പ്രകാരമുള്ള ചെലവ് വിവരങ്ങളാണ് മേൽപട്ടികയിൽ ചേർത്തിട്ടുള്ളത്.

കേന്ദ്രാവിഷ്കൃതം

| | | | | | |
|---|---|---|---|---|---|
| ICDS കേന്ദ്ര വിഹിതം | 129666 | 1191538 | 1321204 | 125365 | 1195839 |
| ശുചിത്വം | 180000 | 24013 | 204013 | 204013 | 0 |

തൊഴിലുറപ്പ് പദ്ധതി

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 148 | 788214 | 788362 | 787919 | 443 |
| തൊഴിലാളികളുടെ വേതനം (ബാങ്ക് ചാർജ് | 0 | 24044321 | 24044321 | 24044321 | 0 |
| | 148 | 24832535 | 24832683 | 24832240 | 443 |

പ്രത്യേകോദ്ദേശ്യ ഗ്രാന്റുകൾ

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഹെൽത്ത് ഗ്രാന്റ് & - ഇൻഫ്രാസ്ട്രക്ചർ | 0 | 260720 | 260720 | 141403 | 119317 |
| ഹെൽത്ത് & വെൽനസ് ഗ്രാന്റ് | 0 | 120604 | 120604 | 106552 | 14052 |
| സംസ്ഥാനാവിഷ്കൃതം | | | | | |
| ലൈഫ് സംസ്ഥാനവിഹിതം - | 200000 | 48,00,000 | 5000000 | 100000 | 4900000 |
| ശുചിത്വമിഷൻ | 290206 | 0 | 290206 | 290124 | 82 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കിയ പദ്ധതികളുടെ % |
|---|---|---|---|---|
| 230 | 124235025 | 160 | 55155731 | 70 |

നിർവ്വഹണ ഉദ്യോഗസ്ഥർ തിരിച്ച് പദ്ധതിച്ചെലവുകളുടെ വിവരം

| നിർവ്വഹണ ഉദ്യോഗ സ്ഥൻ | അംഗീകാരം ലഭ്യമാക്കിയ പ്രൊജക്ടുകളുടെ എണ്ണം | നടപ്പാക്കിയ പ്രൊജക്ടുകളുടെ എണ്ണം | അടങ്കൽ | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 3 | 3 | 7755000 | 7053800 | 91 |
| വെറ്റിനറി സർജൻ | 5 | 2 | 824600 | 388297 | 47 |
| മെഡിക്കൽ ഓഫീസർ (PHC) | 8 | 8 | 1757505 | 1369610 | 78 |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | 2 | 2 | 320000 | 320000 | 100 |
| മെഡിക്കൽ ഓഫീസർ (ISM) | 4 | 4 | 1346000 | 1320373 | 98 |
| സബ് | 1 | 1 | 118954 | 28554 | 24 |

| | | | | | |
|---|---|---|---|---|---|
| ഇൻസ്പെക്ടർ -ഫിഷറീസ് | | | | | |
| ICDS സൂപ്പർവൈസർ | 14 | 10 | 6536348 | 3929061 | 60 |
| ഗ്രാമ പഞ്ചായത്ത് സെക്രട്ടറി | 33 | 24 | 10390922 | 7887308 | 76 |
| ഹെഡ്മാസ്റ്റർ (GLPS) | 7 | 5 | 1899091 | 801676 | 42 |
| VEO | 15 | 13 | 53148515 | 14525149 | 27 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 122 | 75 | 32009192 | 11825817 | 37 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 2 | 2 | 725000 | 725000 | 100 |
| അസിസ്റ്റന്റ് സെക്രട്ടറി | 14 | 11 | 7403898 | 4981086 | 67 |
| ആകെ | 230 | 160 | 124235025 | 55155731 | 44 |

പ്രൊജക്ട് ആവിഷ്കരിക്കുന്നതിലും അംഗീകാരം നേടുന്നതിലും സമയക്രമം പാലിച്ച് പരമാവധി ഫണ്ട് വിനിയോഗിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-6 തൊഴിലുറപ്പ് പദ്ധതി

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 148 | 788214 | 788362 | 787919 | 443 |
| തൊഴിലാളികളുടെ വേതനം (ബാങ്ക് ചാർജ് | 0 | 24044321 | 24044321 | 24044321 | 0 |
| | 148 | 24832535 | 24832683 | 24832240 | 443 |

## 1-7 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | ക്ഷേമ പദ്ധതി | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം( Active Pensioners) |
|---|---|---|---|
| 1 | വിവാഹധനസഹായം | 30000 | 1 |
| 2 | കർഷക തൊഴിലാളി പെൻഷൻ | 7009100 | 610 |
| 3 | വിധവാ പെൻഷൻ | 10,784,800 | 1038 |

| | | | |
|---|---|---|---|
| 4 | വാർദ്ധക്യകാല പെൻഷൻ | 1,78,62,300 | 1789 |
| 5 | വികലാംഗ പെൻഷൻ | 3025100 | 281 |
| 6 | 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ | 704400 | 68 |

## 1-8 ക്യാഷ് പരിശോധന

കണ്ണാടി ഗ്രാമപഞ്ചാത്തിന്റെ 2022-23വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 02.11.2023 തീയ്യതിയിൽ 03.15 PM മണി സമയത്ത് അക്കൗണ്ടന്റിന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. 3848/- (മൂവായിരത്തി എണ്ണൂറ്റി നാൽപ്പത്തിയെട്ട്) രൂപയുടെ വരവിന്റെ കൃത്യത പരിശോധനയിൽ ബോദ്ധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

2022-23 വർഷം മുതൽ ILGMS സംവിധാനത്തിലൂടെ ഫയലുകൾ കൈകാര്യം ചെയ്യുവാൻ ആരംഭിച്ചിട്ടുണ്ട്.

ഐ.എസ്.ഒ സർട്ടിഫിക്കേഷൻ ലഭ്യമായിട്ടുണ്ടെങ്കിലും ഗ്രാമപഞ്ചായത്തിന് ആയത് നിലനിർത്തുവാൻ ആവശ്യമായ തുടർനടപടികൾ ഉണ്ടാകേണ്ടതുണ്ട്. സെക്ഷനുകൾ വിവിധ ജോലികൾ കാര്യക്ഷമമായി നിർവ്വഹിക്കുന്നുണ്ടെന്ന് നിരീക്ഷിക്കുവാൻ ഉന്നതാധികാരികൾ ശ്രദ്ധിക്കേണ്ടതാണ്. വസ്തു നികുതി പരിഷ്കരണ നടപടികൾ ആരംഭിച്ചിട്ടുണ്ടെങ്കിലും കാര്യക്ഷമമല്ല. മുൻകൂർ, ഡിമാന്റ് രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിക്കുന്നില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 26.07.2021 | 4/2021 To 06/2021 | 24.08.21 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 1.4.11 To 12.4.11 | 2006-07 To 2009-10 | 12.5.11 |

റിപ്പോർട്ടുകളിൽ ഗുരുതര പരാമർശങ്ങളൊന്നും തീർപ്പാക്കാൻ അവശേഷിക്കുന്നില്ല

## 1-11 ലൈസൻസ് അനുവദിച്ചിട്ടുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല

ലൈസൻസ് അപേക്ഷകൾ പരിശോധിച്ചതിൽ താഴെ പറയുന്ന സ്ഥാപനങ്ങളിൽ ജോലിചെയ്യാനാവശ്യമായ ജീവനക്കാരുടെ എണ്ണം രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ തൊഴിൽ നികുതി രജിസ്റ്റർ,റിട്ടേണുകൾ എന്നിവ പരിശോധിച്ചതിൽ ഈ ജീവനക്കാരിൽ നിന്ന് തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നം. | ലൈസൻസ് നം. & തീയതി | സ്ഥാപനത്തിന്റെ പേര് | അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടുള്ള ജീവനക്കാരുടെ എണ്ണം |
|---|---|---|---|
| 1 | 239/2022-23 /A-2/2305/22 Dtd 01.04.2022 | എൻ.എം.ആർ ക്രോസ് റോഡ് റസ്റ്റോറന്റ് & ഗ്രിൽ | 15 |
| 2 | 238/2022-23 /A2/1317/22 Dtd 01.04.2022 | റിച്ച് ബേക്കേഴ്സ് | 5 |
| 3 | 92/2022-23 /A-2/1656/22 Dtd 01.04.2022 | ശ്രീ ശാസ്താ ഇൻഡസ്ട്രീസ് | 5 |
| 4 | 104/2022-23 /A-2/5037/22 Dtd 01.04.2022 | ദിവ്യ സ്പെഷ്യാലിറ്റി സെന്റർ (ഇൻഫെർട്ടിലിറ്റി ക്ളിനിക്ക്) | 15 |
| 5 | 234/2022-23 /A-2/2515/22 Dtd 01.04.2022 | ശ്രീലക്ഷ്മി ഇൻഡസ്ട്രിയൽ വെൽഡിങ്ങ് വർക്ക്ഷോപ്പ് | 3 |
| 6 | 227/2022-23 /A-2/6015/22 Dtd 01.04.2022 | രാംകോ എ.സി.ഷീറ്റ്-സ്റ്റോക്ക് & സെയിൽ | 5 |
| 7 | 202/2022-23 /A-2/2641/22 Dtd 01.04.2022 | പ്രവാഹ സോഫ്റ്റ് വെയർ & കൺസൽട്ടൻസി സർവ്വീസ് | 4 |

ലൈസൻസ് അനുവദിച്ച മേൽ സ്ഥാപനങ്ങളിൽ ജോലിചെയ്യുന്ന ജീവനക്കാരിൽ നിന്ന് തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ലാത്തതിന്റെ കാരണം വ്യക്തമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (22/10.11.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. ലൈസൻസ് അനുവദിക്കുന്ന സ്ഥാപനങ്ങളിൽ ജോലിചെയ്യുന്ന ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതും തുടർനടപടികളുടെ വിവരം അറിയിക്കേണ്ടതുമാണ്.

## 1-12 വസ്തുനികുതി നിർണ്ണയം അപാകതകൾ

സഞ്ചയ സോഫ്റ്റ് വെയറിലെ വസ്തുനികുതി നിർണ്ണയ വിവരങ്ങൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ തുടർഖണ്ഡികകളായി ചുവടെ ചേർക്കുന്നു. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട്

നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (21/10.11.2023) മറുപടി ലഭ്യമാക്കിയിട്ടില്ല.

### 1-12-1 ഷോപ്പിങ്ങ് മാളിന് വസ്തുനികുതി കുറവായി ഈടാക്കി

വാണിജ്യാവശ്യത്തിനുള്ള 200 ച.മീറ്റർ വരെ തറ വിസ്തീർണ്ണമുള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ എന്നിവയ്ക്ക് ചതുരശ്ര മീറ്ററിന് 40രൂപയും 200 ച.മീറ്ററിന് മുകളിൽ തറ വിസ്തീർണ്ണമുള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ എന്നിവയ്ക്ക് ചതുരശ്ര മീറ്ററിന് 80 രൂപയുമാണ് ഗ്രാമപഞ്ചായത്തിൽ നിശ്ചയിച്ചിട്ടുള്ള അടിസ്ഥാന വസ്തുനികുതി നിരക്ക്. എന്നാൽ ചുവടെ ചേർത്തിട്ടുള്ള ഷോപ്പിങ്ങ് മാളിന് വസ്തുനികുതി കുറവായാണ് ഈടാക്കിയിട്ടുള്ളത്.

| കെട്ടിട നം. | കെട്ടിട ഉടമയുടെ പേര്, വിലാസം | വിസ്തീർണ്ണം (ച.മീ)/ തരം | നിർണ്ണയിച്ച വസ്തുനികുതി (5%വർദ്ധനവ് നൽകാതെ) | നിർണ്ണയിക്കേണ്ട വസ്തുനികുതി (5%വർദ്ധനവ് നൽകാതെ) | പ്രാബല്യം |
|---|---|---|---|---|---|
| 3/523 | റംല, വടക്കുമുറി, കണ്ണാടി, | 267 ഷോപ്പിങ്ങ് മാൾ | 267x40=10680<br>വർദ്ധനവ്<br>വഴി സൗകര്യം 20%=2136<br>ഇളവ്<br>ബഹുനില വാണിജ്യാവശ്യത്തിനുള്ള ഇളവ്=10%=1281.6<br>**BT=11535**<br>**LC=577**<br>**Total=12112** | 267x80=21360<br>വർദ്ധനവ്<br>വഴി സൗകര്യം 20%=4272<br>ഇളവ്<br>ബഹുനില വാണിജ്യാവശ്യത്തിനുള്ള ഇളവ്=10%=2563<br>**BT=23069**<br>**LC=1154**<br>**Total=24223** | 2013 1st Half |

മേൽ കെട്ടിടത്തെ സഞ്ചയ സോഫ്റ്റ് വെയറിൽ 200 ച. മീറ്ററിൽ കൂടുതൽ തറവിസ്തീർണ്ണമുള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ എന്ന ഗണത്തിലുൾപ്പെടുത്തേണ്ടതും അതിന് ബാധകമായ വസ്തുനികുതി കുടിശ്ശിക സഹിതം ഈടാക്കി അറിയിക്കേണ്ടതുമാണ്.

### 1-12-2 കെട്ടിടങ്ങളുടെ സ്ഥലവിസ്തീർണ്ണം-കൃത്യത പരിശോധിക്കേണ്ടതാണ്

ലൈസൻസ് രേഖകൾ പരിശോധിച്ചതിൽ കെട്ടിടങ്ങളുടെ ലൈസൻസ് ആവശ്യമായ സ്ഥലത്തിന്റെ വിസ്തീർണ്ണം രേഖപ്പെടുത്തിയതിനേക്കാൾ കുറവാണ് സഞ്ചയയിലെ വസ്തുനികുതി നിർണ്ണയ വിവരങ്ങളിൽ രേഖപ്പെടുത്തിയ സ്ഥലവിസ്തീർണ്ണം. ഇത്തരത്തിൽ ഗണ്യമായ വ്യത്യാസമുള്ള കെട്ടിടങ്ങളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | കെട്ടിട നം | ഉടമസ്ഥന്റെപേര് | ലൈസൻസ് നം | ലൈസൻസ് അപേക്ഷയിൽ രേഖപ്പെടുത്തിയ സ്ഥല വിസ്തീർണ്ണം | സഞ്ചയയിലെ സ്ഥലവിസ്തീർണ്ണം (ച.മീ) | കുറവ് (ച.മീ) |
|---|---|---|---|---|---|---|

| | | | | (ച.മീ) | | |
|---|---|---|---|---|---|---|
| 1 | 1/96 | അലിയാർഇ.പി.<br>സുബൈദ,<br>ഉസ്മാൻ,<br>സഫിയ,<br>പുളിയപ്പൻതൊടി<br>കണ്ണാടി,<br>ആലത്തൂർ<br>ഡിസ്ട്രിബ്യൂട്ടേഴ്സ് | 192/2022-2023<br>/A-2/1357/22<br>Dtd 01.04.2022 | 929<br>(10000 Sq.ft) | 25 | 904 |
| 2 | 12/428 | പി.കെ.ശ്രീനിവാസന്,<br>ബീന ശ്രീനിവാസന്<br>എൻ.എം.ആർ.ക്രോസ്<br>റോഡ് റസ്റ്റോറന്റ് &<br>ഗ്രീൽ | 239/2022-23<br>/A-2/2305/22<br>Dtd 01.04.2022 | 315.9<br>(3400 Sq.ft) | 128.2<br>(താഴത്തെ<br>നില) | 190.7 |

മേൽ കെട്ടിടങ്ങളുടെ യഥാർത്ഥ സ്ഥലവിസ്തീർണ്ണം പരിശോധിക്കേണ്ടതും സ്ഥലവിസ്തീർണ്ണത്തിനാനുപാതികമായി വസ്തുനികുതി ഈടാക്കേണ്ടതുമാണ്. ഓഡിറ്റ് എൻക്വയറി – 21/10.11.23 ന് മറുപടി ലഭിച്ചില്ല. തുടർനടപടികളുടെ വിവരം അറിയിക്കേണ്ടതുമാണ്.

**1-12-3 വസ്തുനികുതി പരിഷ്കരണം 2023- അവലോകനം**

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ്, വകുപ്പ് 203, 2013ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 4(5) അനുസരിച്ച് ഗ്രാമപഞ്ചായത്തുകൾ അഞ്ചു വർഷത്തിലൊരിക്കൽ വസ്തുനികുതി പുതുക്കി നിശ്ചയിക്കേണ്ടതുണ്ട്. ഗ്രാമപഞ്ചായത്തുകളിലെ വസ്തുനികുതി അവസാനമായി നിശ്ചയിച്ചത് 01.04.2013 പ്രാബല്യത്തിലാണ്. എന്നാൽ സംസ്ഥാനം അഭിമുഖീകരിച്ച പ്രളയം, കോവിഡ് മഹാമാരി തുടങ്ങിയ കാരണങ്ങളാൽ നികുതി പുതുക്കി നിശ്ചയിക്കേണ്ടിയിരുന്ന 01.04.2018 ൽ പുതുക്കി നിശ്ചയിക്കൽ നടന്നിരുന്നില്ല. ആറാം സംസ്ഥാന ധനകാര്യ കമ്മിഷൻ അതിന്റെ രണ്ടാം റിപ്പോർട്ടിൽ വസ്തു നികുതി പരിഷ്കരണം നടത്തുന്നതിന് ശുപാർശ നൽകിയിട്ടുമുണ്ട്.

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ്, വകുപ്പ് 203, പ്രകാരം 25 ശതമാനം വർദ്ധനവ് വരുത്തിക്കൊണ്ടാണ് വസ്തുനികുതി പരിഷ്കരണം നടത്തേണ്ടതെങ്കിലും നിലവിലെ സാഹചര്യത്തിൽ സർക്കാർ ഈ കാര്യം വിശദമായി പരിശോധിച്ച് പ്രസ്തുത വ്യവസ്ഥയിൽ ഇളവു വരുത്തി വർഷം തോറും 5% (അഞ്ചു ശതമാനം) എന്ന തോതിൽ 01.04.2023 തീയതി പ്രാബല്യത്തിൽ ഗ്രാമപഞ്ചായത്തുകളിലെ വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനും 2023-24 മുതലുള്ള വസ്തുനികുതിനിർണ്ണയ നടപടികളും വസ്തുനികുതി നിർണ്ണയത്തിനു ശേഷം തറവിസ്തീർണത്തിലും ഉപയോഗക്രമത്തിലും മറ്റും മാറ്റം വരുത്തിയ കെട്ടിടങ്ങളുടെ നികുതി പുനർനിർണ്ണയ നടപടികളും വസ്തുനികുതിയിൽ നൽകാവുന്ന ഇളവുകളും സംബന്ധിച്ച് മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുള്ളതുമാണ്.

01.04.2023 തീയതി മുതലുള്ള വസ്തുനികുതി പരിഷ്കരണത്തിന്റെ (സ.ഉ.(കൈ)നം.77/2023/LSGD തീയതി: 22.03.2023) നടപടിക്രമങ്ങളുടെ കണ്ണാടി ഗ്രാമപഞ്ചായത്തിലെ നിലവിലെ സ്ഥിതി സംബന്ധിച്ച പരിശോധന വിവരങ്ങളാണ് പ്രത്യേക ഖണ്ഡികയായി ചുവടെ ചേർത്തിട്ടുള്ളത്. വസ്തുനികുതി നിർണ്ണയ(സഞ്ചയ) സോഫ്റ്റ്‌വെയർ പ്രകാരം കണ്ണാടി ഗ്രാമപഞ്ചായത്തിൽ 15 വാർഡുകളിലായി 10708 കെട്ടിടങ്ങളാണ് നിലവിലുള്ളത്.

**വസ്തു നികുതി പരിഷ്കരണ നിരക്കുകളും മേഖലകളും റോഡിന്റെ തരംതിരിവും പുതുക്കൽ**

01.04.2023 മുതലുള്ള വസ്തു നികുതി പരിഷ്കരണ നിരക്കുകൾ സർക്കാർ നിശ്ചയിച്ച പരിധികൾക്ക് വിധേയമായി കണ്ണാടി ഗ്രാമപഞ്ചായത്തിലെ വിവിധ വിനിയോഗ ഗണങ്ങളിൽ ഉൾപ്പെടുന്ന മുഴുവൻ കെട്ടിടങ്ങൾക്കും തറവിസ്തീർണ്ണത്തിന് ബാധകമായ അടിസ്ഥാന വസ്തു നികുതി നിരക്കുകൾ 30.06.2023 തീയതിയിലെ പഞ്ചായത്ത് ഭരണസമിതി യോഗം 4(1) നമ്പർ തീരുമാനപ്രകാരം അന്തിമ വിജ്ഞാപനം ചെയ്തിട്ടുണ്ട്.

മേഖലകൾ, റോഡുകളുടെ തരംതിരിവ് എന്നിവ ഭരണസമിതി തീരുമാനപ്രകാരം അന്തിമമായി അംഗീകരിച്ച് പ്രസിദ്ധപ്പെടുത്തിയിട്ടില്ല.

**വസ്തുനികുതി പരിഷ്കരണത്തിന് സഞ്ചയ സോഫ്റ്റ് വെയറിലെ ക്രമീകരണം**

01.04.2023 മുതലുള്ള വസ്തുനികുതി പരിഷ്കരണത്തിന് നാളിതുവരെയായും സഞ്ചയ സോഫ്റ്റ് വെയറിൽ ക്രമീകരണം വന്നിട്ടില്ല. നിലവിൽ കെട്ടിട നമ്പർ അനുവദിക്കുന്ന കെട്ടിടങ്ങൾക്ക് മുൻനിശ്ചയിച്ച പ്രകാരമുള്ള (2013ലെ) അടിസ്ഥാന വസ്തു നികുതി നിരക്കുകളാണ് ഈടാക്കി വരുന്നത് . ഇതിൽ സഞ്ചയയിലെ എല്ലാ കെട്ടിടങ്ങൾക്കും പഴയനിരക്കിലുള്ള വസ്തുനികുതിയുടെ 5% വർദ്ധനവ് സഞ്ചയ സോഫ്റ്റ് വെയറിൽ സ്വമേധയാ ഉണ്ടായിട്ടുണ്ട്.

സഞ്ചയ സോഫ്റ്റ് വെയറിൽ ക്രമീകരണം ചെയ്ത് നൽകുന്ന മുറയ്ക്ക് നിലവിൽ 2023-24 മുതൽ കെട്ടിട നമ്പർ അനുവദിച്ച കെട്ടിടങ്ങൾക്ക് കെട്ടിട നികുതി പുതുക്കി നിശ്ചയിക്കേണ്ടതാണ്.

**ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരുടെ നിയമനം**

വിവരശേഖരണത്തിനും ഡാറ്റാ എൻട്രിക്കുമായി ഡിപ്ളോമ(സിവിൽ എഞ്ചിനീയറിങ്ങ്), ഐ.ടി.ഐ ഡ്രാഫ്റ്റ്മാൻ സിവിൽ, ഐ.ടി.ഐ സർവ്വേയർ, എന്നിവയിൽ കുറയാത്ത യോഗ്യതയുള്ളവരെ നിയോഗിക്കാവുന്നതാണ്. വിവരശേഖരണത്തിനും ഡാറ്റാ എൻട്രിക്കുമായി അതത് തദ്ദേശസ്വയംഭരണ സ്ഥാപന തീരുമാനത്തിന് വിധേയമായി കെട്ടിട നമ്പറിന് പരമാവധി 30 രൂപ ഗ്രാമപഞ്ചായത്തുകൾക്ക് തനത് ഫണ്ടിൽ നിന്ന് വിനിയോഗിക്കാവുന്നതാണ്. ഓരോ കെട്ടിടവും പരിശോധന നടത്തുന്നതിനൊപ്പം അതിന്റെ വിവരങ്ങൾ സഞ്ചയ സോഫ്റ്റ് വെയറിലേക്ക് പരിശോധന നടത്തുന്നവർ തന്നെ ഡാറ്റാ എൻട്രി നടത്തി ചേർക്കേണ്ടതാണ്.

കണ്ണാടി ഗ്രാമപഞ്ചായത്തിലെ 2022-23 സാമ്പത്തിക വർഷത്തെ വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട വിവരശേഖരണത്തിനും ഡാറ്റാ എൻട്രിക്കുമായി 4ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരെ നിയമിച്ചിട്ടുണ്ട്. 15 വാർഡുകൾ 4പേർക്കുമായി വിഭജിച്ചുനൽകിയിട്ടുണ്ട്. ഡാറ്റാ കളക്ഷൻ ആരംഭിക്കുകയും നിലവിൽ തുടർന്ന് വരികയും ചെയ്യുന്നുണ്ട്.

ആകെ 225 കെട്ടിടങ്ങളുടെ 9 B ഫോറങ്ങളാണ് കെട്ടിട ഉടമകൾ സ്വമേധയാ സമർപ്പിച്ചിട്ടുള്ളത്.

ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും 01.04.2023 പ്രാബല്യത്തിൽ വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ (സ.ഉ.(കൈ)നം.77/2023/LSGD തീയതി: 22.03.2023) പാലിച്ചുകൊണ്ട് ഗ്രാമപഞ്ചായത്തിലെ വസ്തുനികുതി പരിഷ്കരണനടപടികൾ പൂർത്തിയാക്കി വിവരം അറിയിക്കേണ്ടതാണ്.

**1-13 ലൈസൻസ് രേഖകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ**

വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കുമുള്ള ലൈസൻസ് നൽകൽ രേഖകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ തുടർഖണ്ഡികകളായി ചുവടെ ചേർക്കുന്നു. ( ഓഡിറ്റ് എൻക്വയറി - 9/6.11.23 )

**1-13-1 ലൈസൻസ് ഫീസ് ഈടാക്കിയതിൽ കുറവ്**

1996ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ ചട്ടം 7 പട്ടിക II പ്രകാരം 2 കോടി രൂപയിൽ കൂടുതലും 5 കോടി രൂപയിൽ അധികരിക്കാത്തതുമായ മൂലധനനിക്ഷേപമുള്ള സേവനമേഖലയിലുള്ള മീഡിയം എന്റർപ്രൈസസ് വിഭാഗത്തിൽപ്പെട്ട സ്ഥാപനങ്ങളിൽ നിന്ന് ഈടാക്കാവുന്ന പരമാവധി

ലൈസൻസ് ഫീസ് 10000 രൂപയാണ്. എന്നാൽ ചുവടെ ചേർത്തിട്ടുള്ള സ്ഥാപനത്തിൽ നിന്ന് 5000രൂപയാണ് ഈടാക്കിയിട്ടുള്ളത്. വിശദാംശം ചുവടെ ചേർക്കുന്നു

| ലൈസൻസ് നമ്പർ & തീയതി | ലൈസൻസിയുടെ പേര്, സ്ഥാപനത്തിന്റെ പേര് | മൂലധന നിക്ഷേപം/മേഖല (അപേക്ഷ പ്രകാരം) | ഈടാക്കാവുന്ന പരമാവധി ലൈസൻസ് ഫീസ് | ഈടാക്കിയ ലൈസൻസ് ഫീസ് |
|---|---|---|---|---|
| 192/2022-23/ A-2/1357/22 Dtd 01.04.2022 | പി.പി.അജിത്ത് ആലത്തൂർ ഡിസ്ട്രിബ്യൂട്ടേഴ്സ് (പലചരക്ക് സാധനങ്ങളുടെ സ്റ്റോക്ക്& സെയിൽ) | 3 കോടി സേവന മേഖല | 10,000 | 5,000 |

മീഡിയം എന്റർപ്രൈസസ് വിഭാഗത്തിൽപ്പെട്ട സ്ഥാപനങ്ങളിൽ നിന്ന് ഈടാക്കാവുന്ന ഫീസ് 5000 രൂപയായി പഞ്ചായത്ത് സമിതി നിശ്ചയിച്ചിട്ടുണ്ടോ എന്ന് അറിയിക്കാനാവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം (09/06.11.2023) നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. പരമാവധിയിൽ കുറഞ്ഞ ഫീസ് ഈടാക്കുന്നതിന് ഭരണസമിതിക്ക് സ്‌ളാബ് നിശ്ചയിക്കാവുന്നതും അതിന്റെ അടിസ്ഥാനത്തിൽ മാത്രം ഫീസ് ഈടാക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്. ഭരണസമിതി സ്ലാബ് നിശ്ചയിക്കാത്ത പക്ഷം ചട്ടപ്രകാരമുള്ള പരമാവധി ഫീസ് തന്നെ ഈടാക്കേണ്ടതാണ്.

### 1-13-2 ഒരേ മൂലധന നിക്ഷേപ പരിധിയിലുള്ള സ്ഥാപനങ്ങളിൽ നിന്ന് വ്യത്യസ്ത ലൈസൻസ് ഫീസ് ഈടാക്കുന്നു.

1996ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ഭേദഗതി ചട്ടങ്ങളിലെ ചട്ടം7 പ്രകാരം മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ഈടാക്കാവുന്ന പരമാവധി ഫീസ് പട്ടിക-IIൽ നൽകിയിട്ടുണ്ട്. ഇതനുസരിച്ച് 1000000 രൂപയിൽ കൂടാത്ത മൂലധനനിക്ഷേപമുള്ള സേവനമേഖലയിലുൾപ്പെട്ട സ്ഥാപനങ്ങളിൽ നിന്ന് ഈടാക്കാവുന്ന പരമാവധി ഫീസ് 500 രൂപയാണ്. എന്നാൽ മൈക്രോ എന്റർപ്രൈസസ് വിഭാഗത്തിലുൾപ്പെട്ട ചുവടെ ചേർത്ത അപേക്ഷകളിൽ ഒരേ മൂലധന നിക്ഷേപ പരിധിയിലുള്ള സ്ഥാപനങ്ങളിൽ നിന്ന് വ്യത്യസ്ത ലൈസൻസ് ഫീസ് ഈടാക്കിയതായി കാണുന്നു.

| ക്രമ നം. | ലൈസൻസ് നമ്പർ & തീയതി | സ്ഥാപനത്തിന്റെ പേര് | മൂലധന നിക്ഷേപം(അപേക്ഷയിൽ രേഖപ്പെടുത്തിയത്) | ഈടാക്കിയ ലൈസൻസ് ഫീസ് |
|---|---|---|---|---|
| 1 | 55/2022-23 /A-2/1/22 Dtd 01.04.2022 | ടൂ.ബി.സ്വീറ്റ്സ് (മധുരപലഹാര നിർമ്മാണം,വിതരണം) | 15,000 | 500 |
| 2 | 3/2021-22/A-2/ 1077/22 Dtd 01.04.2022 | മാത സ്റ്റോർസ് (സ്റ്റേഷനറി) | 25,000 | 300 |
| 3 | 42/2022-23 | സ്വാമി സ്റ്റോർ | 30,000 | 240 |

| | | | | |
|---|---|---|---|---|
| | /A-2/18/22 Dtd 01.04.2022 | (കളിമൺ,പ്ളാസ്റ്റിക് പാത്രങ്ങളുടെ വിൽപ്പന) | | |
| 4 | 2/2021-22/A-2/ 473/22 | ബി.ബി.സൂപ്പർമാർക്കറ്റ് (സ്റ്റേഷനറി) | 10,00,000 | 600 |
| 5 | 80/2022-2023 /A-2/1659/22 | ഭരണി റൈസ്, ഓയിൽ & ഫ്ളോർ മിൽ | 2,90,000 (PCB പ്രകാരം) | 400 |

15,000രൂപ മൂലധനനിക്ഷേപമുള്ള ക്രമ നമ്പർ-1 സ്ഥാപനത്തിൽ നിന്ന് 500രൂപയും 2,90,000രൂപ മൂലധനനിക്ഷേപമുള്ള ക്രമ നമ്പർ-5 സ്ഥാപനത്തിൽ 400രൂപയുമാണ് ലൈസൻസ് ഫീസ് ഈടാക്കിയിട്ടുള്ളത്. ക്രമ നമ്പർ-4 സ്ഥാപനത്തിൽ നിന്ന് ഈടാക്കാവുന്ന പരമാവധിയിലും അധികം ലൈസൻസ് ഫീസ് ഈടാക്കുകയും ചെയ്തിരിക്കുന്നു.

മൂലധന നിക്ഷേപത്തിന് ആനുപാതികമല്ലാതെ ഫീസ് ഈടാക്കിയിട്ടുള്ളതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്. ഒരേ മൂലധന നിക്ഷേപ പരിധിയിലുള്ള സ്ഥാപനങ്ങളിൽ നിന്ന് വ്യത്യസ്ത ലൈസൻസ് ഫീസ് ഈടാക്കുമ്പോൾ ഓരോ വിഭാഗത്തിലേയും സ്ഥാപനങ്ങളിൽ നിന്നും മൂലധന നിക്ഷേപം അനുസരിച്ച് വ്യത്യസ്ത തുക ഈടാക്കുന്നതിന് ഭരണസമിതിക്ക് സ്ലാബ് നിശ്ചയിക്കാവുന്നതാണ് ഇത്തരത്തിൽ സ്ളാബ് നിശ്ചയിച്ച് ഭരണസമിതി അംഗീകാരം നൽകിയിട്ടുണ്ടോ എന്നറിയിക്കേണ്ടതാണ്.

**1-13-3 ലൈസൻസ് അപേക്ഷയോ ബന്ധപ്പെട്ട രേഖകളോ ഹാജരാക്കിയിട്ടില്ല**

ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൻ ചുവടെ ചേർത്തിട്ടുള്ള സ്ഥാപനത്തിന് ലൈസൻസ് അനുവദിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ലൈസൻസ് അപേക്ഷയോ ബന്ധപ്പെട്ട രേഖകളോ ഹാജരാക്കിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ലൈസൻസ് രജിസ്റ്ററിലെ നമ്പർ | അപേക്ഷകൻ,സ്ഥാപനം | ലൈസൻസ് ഫീസ് | രസീതി നം.& തീയതി |
|---|---|---|---|
| 130 | ഫ്രിദൗസ്.എസ്, ഫ്യൂവൽ സ്റ്റേഷൻ | 5000 | 12102106044 Dtd 31.03.2022 |

**1-13-4 വസ്തു നികുതി ഒടുക്കുന്ന വാണിജ്യസ്ഥാപനങ്ങളുടെ കണക്കും ലൈസൻസ് എടുത്ത സ്ഥാപനങ്ങളുടെ കണക്കും പൊരുത്തപ്പെടുന്നില്ല.**

സ്ഥാപനങ്ങളുടെ വാർഡ് അടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. ലൈസൻസ് ഫീസ് അടവാക്കിയ സ്ഥാപനങ്ങളുടെ വിവരങ്ങൾ മാത്രമാണ് ലൈസൻസ് രജിസ്റ്ററിൽ ഉൾപ്പെടുത്തുന്നത്. അതുകൊണ്ടുതന്നെ ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള മുഴുവൻ സ്ഥാപനങ്ങളും ലൈസൻസ് എടുത്ത് പ്രവർത്തിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ കഴിയില്ല.

സഞ്ചയ സോഫ്റ്റ് വെയറിലെ ഡാറ്റ പ്രകാരം 1303 വാണിജ്യാവശ്യത്തിനായുള്ള കെട്ടിടങ്ങളിൽ നിന്ന് വസ്തുനികുതി ഈടാക്കുന്നുണ്ട്. എന്നാൽ ലൈസൻസ് രജിസ്റ്റർ പ്രകാരം 393 സ്ഥാപനങ്ങൾ മാത്രമേ ലൈസൻസ് എടുത്തിട്ടുള്ളൂ. ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള മുഴുവൻ സ്ഥാപനങ്ങളും ലൈസൻസ് എടുത്ത് പ്രവർത്തിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

**1-14 സാമൂഹ്യ സുരക്ഷ പെൻഷൻ വിതരണം-മരണപ്പെട്ടവരെ പെൻഷൻ ഗുണഭോക്തൃലിസ്റ്റിൽ നിന്നും സമയബന്ധിതമായി ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടില്ല.**

സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം സംബന്ധിച്ച് ധനകാര്യ വകുപ്പിന്റെ (എസ്.എഫ്.സി-ബി) 02.08.2021 തീയതിയിലെ സർക്കുലർ നം.63/2021/ധന പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിച്ചതായി കാണുന്നില്ല.

പ്രാദേശിക സർക്കാരിൽ അതത് മാസം രജിസ്റ്റർ ചെയ്യപ്പെടുന്ന മരണങ്ങളിൽ മറ്റേതെങ്കിലും പ്രാദേശിക സർക്കാരിൽ സ്ഥിരതാമസമാക്കിയ വ്യക്തികൾ ഉള്ള പക്ഷം അക്കാര്യം മരണം രജിസ്റ്റർ ചെയ്യപ്പെടുന്ന പ്രാദേശിക സർക്കാർ സെക്രട്ടറി മരണപ്പെട്ട വ്യക്തി സ്ഥിരതാമസമാക്കിയിരുന്ന പ്രാദേശിക സർക്കാരിൽ അടുത്തമാസം 10ാം തീയതിക്കു മുമ്പ് അറിയിക്കേണ്ടതും ആയത് പരിശോധിച്ച് മരണപ്പെട്ട/അനർഹരായ ഗുണഭോക്താക്കളെ പെൻഷൻ ഗുണഭോക്തൃലിസ്റ്റിൽ നിന്നും സമയബന്ധിതമായി ഒഴിവാക്കുന്നതിനുള്ള നടപടി ബന്ധപ്പെട്ട പ്രാദേശിക സർക്കാർ സെക്രട്ടറിമാർ സമയബന്ധിതമായി സ്വീകരിക്കേണ്ടതുമാണ്.

ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മരണറിപ്പോർട്ട്, മരണരജിസ്റ്ററുകളിൽ നിന്നും മരണപ്പെട്ട വ്യക്തികളുടെ ആധാർ വിവരങ്ങൾ ഉപയോഗിച്ച് "സേവന പെൻഷൻ DBT മൊഡ്യൂൾ" ൽ ഓഡിറ്റർ ലോഗിനിൽ പ്രവേശിച്ച് പരിശോധന നടത്തിയതിൽ വിവിധ പ്രാദേശിക സർക്കാരിൽ സ്ഥിരതാമസമാക്കിയ വ്യക്തികളുടെ മരണം ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതിൽ സാമൂഹ്യ സുരക്ഷ പെൻഷൻ കൈപ്പറ്റുന്ന വ്യക്തികളുടെ സ്റ്റാറ്റസ് ആക്ടീവ് ആയി തുടരുന്നതായി ബോദ്ധ്യപ്പെട്ടു. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | പെൻഷണർ ഐ.ഡി | മരണ റിപ്പോർട്ട് പ്രകാരം ഗുണഭോക്താവ് മരിച്ച തീയതി | സ്ഥിരതാമസമാക്കിയ ഗ്രാമപഞ്ചായത്ത് |
|---|---|---|---|---|
| 1 | തങ്കം | 108910201543 | 28.08.2023 | പുതുശ്ശേരി |
| 2 | കൃഷ്ണൻ | 107890203443 | 21.08.2023 | ശ്രീനാരായണപുരം (തൃശ്ശൂർ) |
| 3 | കൃഷ്ണൻ. കെ | 108880201525 | 15.08.2023 | മരുതറോഡ് |
| 4 | കൃഷ്ണൻ എ | 108910204381 | 06.10.2023 | പുതുശ്ശേരി |
| 5 | രാമൻകുട്ടിനായർ | 108770200559 | 04.10.2023 | ആലത്തൂർ |
| 6 | യശോദ | 1)108480600565 (ഇന്ദിരാ ഗാന്ധി ദേശീയ വിധവ പെൻഷൻ സ്കീം) 2) 2220155005 (കർഷക പെൻഷൻ) | 26.09.2023 | മങ്കര |
| 7 | മുഹമ്മദാലി.ബി | 108820200711 | 14.09.2023 | തരൂർ |
| 8 | മേരി എം.എം | 108800201330 | 11.09.2023 | കിഴക്കഞ്ചേരി |
| 9 | കബീർ | 102070203617 | 11.09.2023 | ചിറ്റൂർ തത്തമംഗലം മുനിസിപ്പാലിറ്റി |
| 10 | തോമസ് | 110580200626 | 07.09.2023 | കാരശ്ശേരി (കോഴിക്കോട്) |

മരണപ്പെട്ട വ്യക്തി താമസിച്ചിരുന്ന പ്രാദേശിക സർക്കാരിൽ മരണം അറിയിച്ചിട്ടില്ലാത്തതിന്റെ കാരണം

വ്യക്തമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (16/09.11.2023) Cr.lsgkerala എന്ന വെബ്സൈറ്റ് വഴിയും അതാത് തദ്ദേശ ഭരണസ്ഥാപനങ്ങൾക്ക് മരണപ്പെട്ടവരുടെ റിപ്പോർട്ട് നേരിട്ട് ലഭ്യമാകുന്നതിനാലാണ് സ്ഥിരതാമസമാക്കിയ ഗ്രാമപഞ്ചായത്തുകളിലേക്ക് അറിയിപ്പ് നൽകാതിരുന്നത് എന്നാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. എന്നാൽ ചുവടെ ചേർത്തിട്ടുള്ള മരണപ്പെട്ട വ്യക്തികളുടെ പെൻഷൻ നിലവിലും സസ്പെൻഡ് ചെയ്യാതിരിക്കുകയും തുക അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | പെൻഷണർ ഐ.ഡി | മരണ റിപ്പോർട്ട് പ്രകാരം ഗുണഭോക്താവ് മരിച്ച തീയതി | സ്ഥിരതാമസമാക്കിയ ഗ്രാമപഞ്ചായത്ത് |
|---|---|---|---|---|
| 1 | പുഷ്പരാജ് | 108910206420 | 28.11.2022 | പുതുശ്ശേരി |
| 2 | മണിയ | 102080604095 | 06.12.2022 | പാലക്കാട് മുനിസിപ്പാലിറ്റി |

ക്രമ നം:2 പെൻഷനറുടെ (മണിയ) ഡിബിറ്റി വിതരണം സംബന്ധിച്ച വിവരങ്ങൾ

| ക്രമ നം | ഡിബിറ്റി റെഫറൻസ് നം | വിതരണം നടത്തിയ മാസം | ബാങ്ക്/പോസ്റ്റ് ഓഫീസ് | തുക | സ്റ്റാറ്റസ് |
|---|---|---|---|---|---|
| 1 | **202306001** | January-2023 | ബാങ്ക് | 1600 | തുക അക്കൗണ്ടിൽ നിക്ഷേപിച്ചു |
| 2 | **202306002** | February-2023 | ബാങ്ക് | 1600 | തുക അക്കൗണ്ടിൽ നിക്ഷേപിച്ചു |
| 3 | **202306005** | March-2023 | ബാങ്ക് | 1600 | തുക അക്കൗണ്ടിൽ നിക്ഷേപിച്ചു |
| 4 | **202306009** | April-2023 | ബാങ്ക് | 1600 | തുക അക്കൗണ്ടിൽ നിക്ഷേപിച്ചു |
| 5 | **202306010** | May-2023 | ബാങ്ക് | 1600 | തുക അക്കൗണ്ടിൽ നിക്ഷേപിച്ചു |
| 6 | **202306011** | June-2023 | ബാങ്ക് | 1600 | തുക അക്കൗണ്ടിൽ നിക്ഷേപിച്ചു |

06.12.2022 ന് മരണപ്പെട്ട മേൽ വ്യക്തിയുടെ ബാങ്ക് അക്കൗണ്ടിലേക്ക് 2023 ജൂൺ മാസം വരെയുള്ള പെൻഷൻ തുക (1600*6=9600രൂപ) നിക്ഷേപിച്ചിട്ടുണ്ട്. നിലവിലും പെൻഷൻ സസ്പെൻഡ് ചെയ്തിട്ടില്ല. അതുകൊണ്ടുതന്നെ മരണപ്പെട്ട വ്യക്തി സ്ഥിരതാമസമാക്കിയിരുന്ന പ്രാദേശിക സർക്കാരിൽ അടുത്തമാസം 10ാം തീയതിക്കു മുമ്പ് മരണം അറിയിക്കേണ്ടതാണ്. തുടർനടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

## 1-15 ഹോമിയാ മരുന്ന് ലഭ്യമായില്ല ഹോമിയോ മരുന്ന് ലഭ്യമായില്ല ഹോമിയോ മരുന്ന്-ലഭ്യമായില്ല

ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങുന്നതിനായി മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി താഴെപ്പറയുന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

| | |
|---|---|
| പ്രൊജക്റ്റ് നം. | 33/23 |
| അടങ്കൽ | 3,00,000/-<br>(മെയിന്റനസ് ഫണ്ട്-റോഡിതരം) |
| ചെലവ് | 3,00,000/- |
| ബിൽ നം./തീയതി | 01/22-23 31.10.22 |

മരുന്നുകൾ ലഭ്യമാക്കുവാനായി 3,00,000/- രൂപ ആലപ്പുഴയിലെ ഹോംകോ ഫാർമസിയുടെ അക്കൌണ്ട് നം.34306403911 ലേക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തിട്ടുണ്ട്. ആയതിൽ 209137 /- രൂപയുടെ മരുന്നുകൾ മാത്രം ലഭ്യമായിട്ടുണ്ട്. 90863 /- രൂപയുടെ നാളിതുവരെയും ലഭ്യമാക്കിയിട്ടില്ല. ആയതിന് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.12/8.11.23) നാളിതു വരെ മരുന്നുകൾ ലഭ്യമാകാത്തതിനാൽ 25.03.23 തീയതിയിലെ 23/23/GHDKa എന്ന കത്ത് പ്രകാരവും 19.10.23 തീയതിയിലെ 47/23/GHDKa എന്ന കത്ത് പ്രകാരവും ഹോംകോക്ക് മരുന്നുകൾ ലഭ്യമാക്കാൻ കത്ത് അയച്ചത് പ്രകാരം മരുന്നുകൾ ഉടൻ ലഭ്യമാക്കുമെന്ന് ഹോംകോ അറിയിച്ചതായി മെഡിക്കൽ ഓഫീസർ മറുപടി നൽകിയിട്ടുണ്ട്. മരുന്ന് ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-16 തെരുവുവിളക്കുകളുടെ പരിപാലനം

2021-22 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള തെരുവുവിളക്കുകളുടെ പരിപാലനം -എ.എം.സി പദ്ധതി (പ്രോജക്ട് നം. -116/21-22) പ്രകാരം മുൻവർഷം ആരംഭിക്കുകയും 2022-23 വർഷം സ്പിൽഓവറായി പൂർത്തികരിക്കുകയും ചെയ്തിട്ടുണ്ട്. 2021- 22 ൽ കരാർ ഏറ്റെടുത്ത ശ്രീ രമേഷ് ഇലക്ട്രിക്കൽ കോൺട്രാക്ടർക്ക് പ്രവൃത്തി ചെയ്തതിന് 2022-23 വർഷം പ്രൊജക്ട് സ്പിൽ ഓവറായി 350000 വകയിരുത്തി താഴെ പറയും പ്രകാരം തുക നൽകിയിട്ടുണ്ട്.

1) പ്രോജക്ട് നം. -73/2023 (SO)

അടങ്കൽ - 350000/- (ഫണ്ട്-വികസന ഫണ്ട് ധനകാര്യക്കമ്മീഷൻ)

ചെലവ് - 350000/

(339500 -ബിൽ നം. XVFC/2022-23/P/19 14-06-2022 -3500 IT , 7000 GST)

ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെ 10.09.2021 തീയതിയിലെ തീരുമാനം 3-1 പ്രകാരം പ്രോജക്ട് നം 116/21-22 പ്രവർത്തികൾക്കായി സമർപ്പിച്ച ടെണ്ടറിൽ കുറവ് ക്വോട്ട് ചെയ്ത ശ്രീ രമേഷ്, ഇലക്ട്രിക്കൽ കോൺട്രാക്ടർ, തച്ചങ്കാട് എന്ന വ്യക്തിയുടെ ടെണ്ടറിന് അംഗീകാരം ലഭിച്ചിട്ടുണ്ട്. 12.09.2021 ന് കോൺട്രാക്ടറോട് കരാർവെക്കുന്നതിന് കത്ത് നൽകുകയും പ്രസ്തുത കോൺട്രാക്ടർ കരാർ സമർപ്പിക്കുകയും ചെയ്തിട്ടുണ്ടെങ്കിലും കരാറിൽ സെക്രട്ടറിയുടെ ഒപ്പ്, കരാർ തീയതി, നമ്പർ എന്നിവ രേഖപ്പെടുത്തിയിട്ടില്ല. പഞ്ചായത്തിലെ 15 വാർഡുകളിലെ മെമ്പർമാർ സാക്ഷ്യപ്പെടുത്തിയത് പ്രകാരം 793 തെരുവ് ലൈറ്റുകൾ മാറിയിട്ടുണ്ടെങ്കിലും ടെണ്ടറിൽ ക്വാട്ട് ചെയ്തതിനേക്കാൾ കൂടുതൽ തുകയാണ് 16.03.22 ലെ വർക്ക് ബില്ല് പ്രകാരം കരാറുകാരന് നൽകിയിട്ടുള്ളത്.

| ഇനം | ക്വാട്ട് ചെയ്ത തുക | ബില്ല് നൽകിയത് (ഇനം) | ബില്ല് നൽകിയ തുക | അധികം നൽകിയത് |
|---|---|---|---|---|
| Dismantiling One Ordinary | 313/per Unit | Dismantiling One Set 1x20 | 407/per Unit | 407-313 = 94 |

| | | | | |
|---|---|---|---|---|
| Street Light/CFL/LED Fitting From Pole,repairing And Refitting The Same In Position And Giving Connection | | W LED Tube Fitting From Pole,repairing And Refitting The Same In Position And Giving Connection | | (94x793 = 74542) |

അംഗീകരിച്ച നിരക്കിനെക്കാൾ അധികം തുക 74542 രൂപ നൽകിയതിന്റെ കാരണം അറിയിക്കുവാൻ ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് അന്വേഷണത്തിന് (നം.8/6.11.23) കെ.എസ്.ഇ.ബി അംഗീകരിച്ചു തന്ന റേറ്റ് ഷെഡ്യൂൾ പ്രകാരം 313 രൂപ 1 Feet നീളമുള്ള എൽ.ഇ.ഡി ബൾബ് സെറ്റിനോ, റൌണ്ട് എൽ.ഇ.ഡി ബൾബുകൾക്കോ ആണ് പരാമർശിച്ചിരിക്കുന്നതെന്നും, നിവലിൽ ഫ്ളൂറസെന്റ് ലാമ്പ് നിരോധിച്ചിരിക്കുന്നതിനാൽ നാലടി നീളമുള്ള എൽ.ഇ.ഡി ട്യൂബ് ലൈറ്റുകളാണ് സ്ഥാപിച്ചിട്ടുള്ളതെന്നും എൽ.ഇ.ഡി 20 വാട്ട് ട്യൂബ് ലൈറ്റുകൾ 40 വാട്ട് ഫ്ളൂറസെന്റ് ബൾബുകൾക്ക് തുല്യമായതിനാലാണ് 407 രൂപ നൽകിയതെന്നും സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശം

1)ഭാവിയിൽ ടെണ്ടർ വിളിക്കുമ്പോൾ സ്ഥാപനം/കോൺട്രാക്ടർ ക്വോട്ട് ചെയ്ത സാധനങ്ങൾ ടെണ്ടർ സ്പെസിഫിക്കേഷനുമായി പൊരുത്തപ്പെടുന്നവയാണോ എന്ന് ഉറപ്പുവരുത്തേണ്ടതാണ്.

2) ഗ്രാമ പഞ്ചായത്തും കെ.എസ്.ഇ.ബി യുമായി സംയുക്തപരിശോധന നടത്തി തെരുവുവിളക്കുകളുടെ വിവരം നിജപ്പെടുത്തേണ്ടതാണ്

3) വാർഡ് അടിസ്ഥാനത്തിൽ ഏതൊക്കെ ഇനങ്ങളിലുള്ള ബൾബുകളാണ് ഉള്ളതെന്ന് തെരുവുവിളക്ക രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്

4) തെരുവുവിളക്ക് ഉപകരണങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ , കേടായ സാധനങ്ങൾ എഴുതി വയ്ക്കുന്ന രജിസ്റ്റർ ഓഫ് അൺസർവ്വീസബിൾ ഐറ്റംസ് രജിസ്റ്റർ എന്നിവ തയ്യാറാക്കേണ്ടതും സാമ്പത്തിക വർഷം അവസാനം സ്റ്റോക്ക് ഇൻ രജിസ്റ്ററും സ്റ്റോക്ക് ഔട്ട് രജിസ്റ്ററും പൊരുത്തപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്.

**1-17 തെരുവുവിളക്ക് പോസ്റ്റ് മാറ്റി സ്ഥാപിക്കലും ലൈൻ വലിക്കലും- ചെലവു തുകയുടെ വിനിയോഗ വിവരം ലഭ്യമല്ല**

1) പ്രോജക്ട് നം 72/22-23 (SO)

(തെരുവുവിളക്ക് പോസ്റ്റ് മാറ്റി സ്ഥാപിക്കലും ലൈൻ വലിക്കലും)

അടങ്കൽ- 16111 (സി.എഫ്.സി ഗ്രാന്റ്-അടിസ്ഥാനവിഹിതം)

ചെലവ് - 15901

2)പ്രോജക്ട് നം 16/22-23

(തെരുവുവിളക്ക് ലൈൻ വലിക്കൽ )

അടങ്കൽ- 900000

(വികസനഫണ്ട് ജനറൽ -475000 )

(സി.എഫ്.സി ഗ്രാന്റ്-അടിസ്ഥാനവിഹിതം -425000)

ചെലവ് - 891836

(വികസനഫണ്ട് ജനറൽ -472586 )

(സി.എഫ്.സി ഗ്രാന്റ്-അടിസ്ഥാനവിഹിതം -419250)

നിർവ്വഹണോദ്യോഗസ്ഥൻ- സെക്രട്ടറി

ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ തെരുവുവിളക്ക് പോസ്റ്റ് മാറ്റി സ്ഥാപിക്കലും ലൈൻ വലിക്കലും പ്രവൃത്തികൾക്കായി കുഴൽമന്ദം, ബിഗ്ബസാർ, കൊട്ടുവായൂർ, പുതുനഗരം എന്നീ കെ.എസ്.ഇ.ബി ഡിവിഷനുകളിലേക്ക് താഴെ പറയും പ്രകാരം തുക നൽകിയിട്ടുണ്ട്. അതത് ഡിവിഷനുകൾ ലഭ്യമാക്കിയ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിലാണ് തുക നൽകിയിട്ടുള്ളത്.

| ഏജൻസി | നൽകിയ തുക | ബിൽ നം / തീയതി |
|---|---|---|
| പ്രോജക്ട് നം 72/22-23 (SO) | | |
| മേലാമുറി കെ. എസ്.ഇ.ബി സബ് സെക്ഷൻ | 15901 | XVFC/2022-23/P/49 26-11-2022 |
| ആകെ | 15901 | |
| പ്രോജക്ട് നം 16/22-23 | | |
| കുഴൽമന്ദം കെ. എസ്.ഇ.ബി സബ് സെക്ഷൻ | 406742 | XVFC/2022-23/P/73 10-03-2023 |
| കൊട്ടുവായൂർ കെ. എസ്.ഇ.ബി സബ് സെക്ഷൻ | 12508 | XVFC/2022-23/P/73 10-03-2023 |
| പുതുനഗരം കെ. എസ്.ഇ.ബി സബ് സെക്ഷൻ | 239988 | 30/2022-23 -29.03.23 |
| ബിഗ്ബസാർ കെ. എസ്.ഇ.ബി സബ് സെക്ഷൻ | 47200 | 23/22-23 – 21.03.23 |
| കൊട്ടുവായൂർ കെ. എസ്.ഇ.ബി സബ് സെക്ഷൻ | 57230 | 23/22-23 – 21.03.23 |
| കുഴൽമന്ദം കെ. എസ്.ഇ.ബി സബ് സെക്ഷൻ | 68126 | 23/22-23 – 21.03.23 |
| സുൽത്താൻപേട്ട കെ. എസ്.ഇ.ബി സബ് സെക്ഷൻ | 60042 | 23/22-23 – 21.03.23 |
| | 891836 | |

മേൽ പ്രവൃത്തികളുടെ പൂർത്തീകരണ വിവരം രേഖകൾ സഹിതം ഓഡിറ്റിന് ലഭ്യമാക്കാനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.7/6.11.23) മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രവൃത്തികൾ പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

**1-18 കോക്ളിയർ ഇംപ്ളാന്റേഷൻ – ധനവിനിയോഗസാക്ഷ്യപത്രം ഹാജരാക്കണം**

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥ | ഐ.സി.ഡി.എസ് സൂപ്പർവൈസർ |

| | |
|---|---|
| പ്രൊജക്ട് നമ്പർ, പേര് | 196, കോക്ളിയർ ഇംപ്ളാന്റേഷൻ |
| അടങ്കൽ തുക | 150000 ( വികസനഫണ്ട് - ജനറൽ ) |
| ചെലവ് തുക | 150000 |
| ബിൽ നമ്പർ / തിയതി | 24/28.02.23 – 50000<br>25/28.02.23 - 100000 |

ഗ്രാമപഞ്ചായത്തിലെ കോക്ളിയർ ഇംപ്ളാന്റേഷൻ ചെയ്ത കുട്ടികൾക്ക് ആയത് പ്രവർത്തനക്ഷമമായി നിലനിർത്തുന്നതിനും റിപ്പയർ ചെയ്യുന്നതിനുമായി ധനസഹായം അനുവദിക്കുന്നതിന് ആവിഷ്കരിച്ച് നടപ്പിലാക്കിയ മേൽ പരാമർശിച്ച പദ്ധതി പ്രകാരം താഴെ പറയുന്ന കുട്ടികളുടെ ചികിത്സ നടത്തുന്നതിനായി തുക കേരള സോഷ്യൽ സെക്യൂരിറ്റി മിഷന്റെ അക്കൗണ്ടിലേക്ക് ( നം - 70101400000134) ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. ചികിത്സാപദ്ധതി പൂർത്തിയാക്കിയതിന്റെ വിവരം ലഭ്യമാക്കേണ്ടതും തുക വിനിയോഗിച്ചതിന്റെ ധനവിനിയോഗസാക്ഷ്യപത്രം ഹാജരാക്കേണ്ടതുമാണ്.

1).റിസ അഹമ്മദ് D/o കുഞ്ഞഹമ്മദ്, കലത്തിൽ ഹൗസ്, ആനപ്പുറംകാട്, കിണാശ്ശേരി

2). ആദിദേവ്. എസ് D/o സജിൽ പള്ളിക്കണ്ടത്ത് വീട്, ഞായറാഴ്ചക്കാവ് , പാലക്കാട്

3). നിഹാൽകൃഷ്ണ. വി. എസ് S/o സുഭാഷ്, വടക്കേവീട്, തരുവക്കുറിശ്ശി, കണ്ണാടി

## 1-19 വയോജനങ്ങൾക്ക് കട്ടിൽ -സ്പിൽ ഓവർ പദ്ധതി - അപാകതകൾ

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥ | ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| പ്രൊജക്റ്റ് നം | 82 |
| പ്രൊജക്റ്റിന്റെ പേര് | വയോജനങ്ങൾക്ക് കട്ടിൽ -സ്പിൽ ഓവർ - ജനറൽ |
| അടങ്കൽ | 100050 (ധനകാര്യ കമ്മീഷൻ അവാർഡ്) |
| ചെലവ് | 100050 |
| ബിൽ സാങ്ഷൻ ഓർഡർ നം, തീയതി | 48/12.07.22 |

മേൽ പരാമർശിച്ച പദ്ധതിയുടെ നടത്തിപ്പിനായി ദി ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ ലിമിറ്റഡിന്റെ മാനേജിങ്ങ് ഡയറക്ടറുടെ അക്കൗണ്ടിലേക്ക് (നം - 57044388498) തുക ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. ഇൻവോയ്സ് നമ്പർ 415/21-22 തീയതി 12/03 / 22 പ്രകാരം 23 കട്ടിലുകൾ വാങ്ങിയിട്ടുണ്ട്. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകതകൾ കണ്ടെത്തി.

1). കട്ടിലുകൾ സ്റ്റോക്കിലെടുത്തതിന്റെയും ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തതിന്റെയും രേഖകൾ,

അപേക്ഷകൾ എന്നിവ പരിശോധനക്ക് ഹാജരാക്കിയില്ല.

2).ജി.ഒ(പി)നം.7/19/SPD തി.26-04-2019 പ്രകാരം 25000 രൂപയ്ക്ക് മുകളിലുള്ള സാധനങ്ങൾ GeM (ഗവൺമെന്റ് ഇ-മാർക്കറ്റ് പ്ലേസ്) പോർട്ടലിൽ ലഭ്യമാണെങ്കിൽ GeM മുഖേന വാങ്ങണമെന്നത് നിർബന്ധമാക്കുകയും സ്റ്റോർസ് പർച്ചേസ് മാന്വലിൽ ഭേദഗതിവരുത്തുകയും ചെയ്തിട്ടുണ്ട്. ഏതെങ്കിലും പ്രത്യേക ഇനം GeM ൽ ലഭ്യമല്ലാതിരുന്നാലോ സ്പെസിഫിക്കേഷനോ ആവശ്യകതയോ വളരെ പ്രത്യേകതയുള്ളതാണെങ്കിലോ കാരണം രേഖപ്പെടുത്തിയതിനു ശേഷം സ്റ്റോർസ് പർച്ചേസ് മാന്വലിൽ സൂചിപ്പിട്ടുള്ള മറ്റ് മാർഗ്ഗങ്ങളിലൂടെ ( ക്വട്ടേഷൻ, ടെണ്ടർ മുതലായവ ) ആയത് വാങ്ങാവുന്നതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കട്ടിൽ GeM മുഖേന വാങ്ങുന്നതിനുള്ള സാധ്യത പരിശോധിച്ചിട്ടില്ല.

കട്ടിലുകൾ സ്റ്റോക്കിലെടുത്തതിന്റെയും ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തതിന്റെയും രേഖകൾ ഹാജരാക്കുന്നത് വരെ ചെലവ് തുക -100050 – തടസ്സപ്പെടുത്തുന്നു. രേഖകൾ പരിശോധനക്ക് ഹാജരാക്കേണ്ടതും അപാകതക്ക് മറുപടി നൽകേണ്ടതുമാണ്. (ഓഡിറ്റ് എൻക്വയറി നം-4/6-11-2023)

**1-20 ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് – പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ**

| | |
|---|---|
| പ്രൊജക്റ്റ് നം | 92 |
| പ്രൊജക്റ്റിന്റെ പേര് | ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് - ജനറൽ |
| അടങ്കൽ | 1200000 ( വികസനഫണ്ട് ജനറൽ -600000 + ബ്ളോക്ക്പഞ്ചായത്ത് ഷെയർ-300000 + ജില്ലാപഞ്ചായത്ത് ഷെയർ- 300000) |
| ചെലവ് | 774600 ( വികസനഫണ്ട് ജനറൽ- 600000 +ബ്ളോക്ക്പഞ്ചായത്ത് ഷെയർ- 174600 ) |
| ബിൽ നം, തീയതി | 6/2.09.22 – 107000<br>8/2.9.22 – 166600<br>10/3.09.22 – 21000<br>14/21.11.22 – 273500<br>15/21.11.22 – 67600<br>17/21.11.22 -9000<br>18/21.11.22 – 8000<br>20/13.12.22 – 10000<br>43/22.03.23 – 68000<br>44/22.03.23 - 43900 |

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥ | ഐ.സി.ഡിഎസ് സൂപ്പർവൈസർ |

പദ്ധതിനിർവ്വഹണവുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കണ്ടെത്തി.

1). പദ്ധതി പ്രകാരം 2022 - 23 സാമ്പത്തിക വർഷത്തിൽ ആകെ 54 വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകിയിട്ടുണ്ട് . ആയതിൽ മാനസിക വെല്ലുവിളികൾ നേരിടുന്ന ആകെ 34 വിദ്യാർത്ഥികൾക്ക് അർഹമായ സ്കോളർഷിപ്പ് പൂർണ്ണമായും നൽകിയിട്ടില്ല .

പതിനാലാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗ്ഗരേഖ സ.ഉ.(കൈ )നം 115/2022/ത.സ്വ.ഭ.വ തീയതി 28.05.22 പ്രകാരം സ്പെഷൽ സ്കൂളുകളിലോ നോർമൽ സ്കൂളുകളിലോ പഠിക്കുന്ന മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് പ്രതിമാസ സ്കോളർഷിപ്പിനു പുറമെ പ്രതിമാസ യാത്രാബത്ത, വസ്ത്രങ്ങൾക്കുള്ള വാർഷിക ബത്ത, പഠനസാമഗ്രികൾക്കുള്ള വാർഷികബത്ത, പഠനയാത്രക്കായുള്ള വാർഷിക ബത്ത എന്നിവയടക്കം പരമാവധി 28,500/- രൂപ വരെ നൽകാവുന്നതാണ്. എന്നാൽ മേൽ സൂചിപ്പിച്ച വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകിയതിൽ കുറഞ്ഞ നിരക്കിലാണ് സ്കോളർഷിപ്പ് നൽകിയിട്ടുള്ളത്.

2). ശാരീരിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകിയതിൽ താഴെ പറയുന്ന വിദ്യാർത്ഥികൾക്ക് അർഹമായതിലും കൂടിയ നിരക്കിൽ സ്കോളർഷിപ്പ് നൽകിയതായി കാണുന്നു.

| ക്രമ നമ്പർ | പേര് | പഠിക്കുന്ന സ്റ്റാന്റേർഡ് | വൈകല്യത്തിന്റെ സ്വഭാവം | അർഹമായ സ്കോളർഷിപ്പ് | നൽകിയ സ്കോളർഷിപ്പ് | വ്യത്യാസം |
|---|---|---|---|---|---|---|
| 1 | റിസ അഹമ്മദ് | 8th | Deafness | 6600 | 12800 | 6200 |
| 2 | അമൃത. ബി | 11th | Deafness | 8000 | 10000 | 2000 |

അധികം തുക നൽകുവാനുണ്ടായ സാഹചര്യം വ്യക്തമാക്കേണ്ടതാണ്.

3). രേഖകൾ പരിശോധിച്ചതിൽ ഹേമന്ദ് പൗർണ്ണവേൽ എന്ന വിദ്യാർത്ഥിക്ക് 8600 രൂപ സ്കോളർഷിപ്പ് അനുവദിച്ചിട്ടുണ്ടെങ്കിലും ടി വിദ്യാത്ഥിയുടെ അപേക്ഷയിൽ സ്കൂളിൽ പഠിക്കുന്നതായി സ്ഥാപനമേധാവി സാക്ഷ്യപ്പെടുത്തിയിട്ടില്ല. Will Be Enclosed Seperately , As Not Joined The Course എന്നാണ് അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടുള്ളത് .

മേൽ സൂചിപ്പിച്ചിട്ടുള്ള അപാകതകകൾക്ക് മറുപടി ലഭ്യമാക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ( നം .10/07.11.23) മറുപടി ലഭ്യമായില്ല . അപാകതകൾ പരിഹരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-21 തെരുവു നായ്ക്കളുടെ പ്രജനന നിയന്ത്രണ പദ്ധതി - വിനിയോഗവിവരം ലഭ്യമാക്കേണ്ടതാണ്

| | |
|---|---|
| പ്രൊജക്റ്റ് നം | 111 |
| പ്രൊജക്റ്റിന്റെ പേര് | തെരുവു നായ്ക്കളുടെ പ്രജനന നിയന്ത്രണ പദ്ധതി |
| അടങ്കൽ | 350000 (വികസന ഫണ്ട് |

| | |
|---|---|
| | പൊതുവിഭാഗം സാധാരണ വിഹിതം) |
| ചെലവ് | 350000 |
| ബിൽ നം, തീയതി | 1/16.09.22 |
| നിർവ്വഹണ ഉദ്യോഗസ്ഥ | വെറ്ററിനറി സർജൻ |

മേൽ പ്രോജക്ട് പ്രകാരം എ.ബി.സി പദ്ധതി നടത്തിപ്പിനായി 350000 രൂപ പാലക്കാട് ജില്ലാ പഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്. ( അക്കൗണ്ട് നം. 79901140002200). തുകയുടെ വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ്. ( ഓഡിറ്റ് അന്വേഷണം നം – 11/07.11.23)

**1-22 ലൈഫ് ഭവനനിർമ്മാണം പൂർത്തീകരിച്ചില്ല**

വി ഇ ഒ നടപ്പാക്കിയ വിവിധ ഭവന നിർമ്മാണ പദ്ധതികളുടെ പുരോഗതി പരിശോധിച്ചു. 2022-23 വർഷത്തിൽ ഭവന നിർമ്മാണത്തിനായി പുതിയതും സ്പിൽ ഓവറും ഉൾപ്പടെ 5 പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ പറയുന്നു.

| | പ്രൊജക്ടിന്റെ പേര് | അടങ്കൽ | ചെലവ് |
|---|---|---|---|
| 1 | 93/23, ലൈഫ് മിഷൻ ഭവനനിർമ്മാണം (ജനറൽ) - NEW | 11010000(വികസനഫണ്ട്-ജനറൽ-2437967+സംസ്ഥാനാ വിഷ്കൃതഫണ്ട്-160000 + ബ്ളോക്ക് ഷെയർ-3000000 ജില്ലാപഞ്ചായത്ത് ഷെയർ+ 1412033 + മറ്റുള്ളവ-2560000) | 3684280(വികസനഫണ്ട്-ജനറൽ- 2437967 + ബ്ളോക്ക് ഷെയർ -1246313 ) |
| 2 | 279/23, ലൈഫ് ഭവനപദ്ധതി (ജനറൽ) -ബ്ളോക്ക് പഞ്ചായത്ത് വിഹിതം- NEW | 553687 (ബ്ളോക്ക് പഞ്ചായത്ത് ഷെയർ) | 553687 (ബ്ളോക്ക് പഞ്ചായത്ത് ഷെയർ) |
| 3 | 275, ലൈഫ് മിഷൻ ഭവനനിർമ്മാണം (എസ്.സി) NEW | 24247837(വികസനഫണ്ട്-ജനറൽ-85337 +വികസനഫണ്ട്-എസ്.സി.പി-662500 +സംസ്ഥാനാവിഷ്കൃതഫണ്ട്-6000000 + ബ്ളോക്ക് ഷെയർ-5000000+ ജില്ലാപഞ്ചായത്ത് ഷെയർ-5000000+ മറ്റുള്ളവ- 750000) | 3505697 (വികസനഫണ്ട്-ജനറൽ-85337 +വികസനഫണ്ട്-എസ്.സി.പി-662500 + ബ്ളോക്ക് ഷെയർ –1357860 +ജില്ലാപഞ്ചായത്ത് ഷെയർ-1400000 . |
| 4 | 107, ലൈഫ് ഭവനപദ്ധതി (എസ്.സി) NEW | 8870991 (വികസനഫണ്ട്.-എസ്.സി.പി-1352491 +സംസ്ഥാനാവിഷ്കൃതഫണ്ട്-2000000 + ബ്ളോക്ക് ഷെയർ–+3518500 | 1352491(വികസനഫണ്ട്-എസ്.സി.പി) |

| | | | |
|---|---|---|---|
| | | ജില്ലാപഞ്ചായത്ത് ഷെയർ-2000000+ )<br>. | |
| 5 | 37, ലൈഫ് മിഷൻ ഭവനനിർമ്മാണം (ജനറൽ) - SPILLOVER | 3010000(വികസനഫണ്ട്-ജനറൽ-1218267-+സംസ്ഥാനാവിവിഷ്ക്രിതഫണ്ട്-260000 +ജില്ലാപഞ്ചായത്ത് ഷെയർ-791733+ + മറ്റുള്ളവ-740000 | 1520000 (വികസനഫണ്ട്-ജനറൽ-1200000+ സംസ്ഥാനാവിവിഷ്ക്രിതഫണ്ട്-100000 + മറ്റുള്ളവ- 220000 |

പദ്ധതിനിർവ്വഹണവുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ 2022-23 ൽ കരാറിലേർപ്പെട്ടവരുടെ ഭവന നിർമ്മാണം പുരോഗമിക്കുന്നതായും മുൻവർഷങ്ങളിൽ കരാറിലേർപ്പെട്ട ഗുണഭോക്താക്കളിൽ ചിലർ ധനസഹായം കൈപ്പറ്റി നാളിതുവരെ ഭവനം പൂർത്തിയാക്കിയിട്ടില്ല എന്നും കണ്ടെത്തി. നിർമ്മാണം പൂർത്തിയാക്കാത്തവരുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | അനുവദിച്ച തുക | നല്കാനുള്ള തുക |
|---|---|---|---|
| LIFE PHASE 2- General | | | |
| 1. | സഫീദ , ഉപ്പുംപാടം കിണാശ്ശേരി | 360000 | 40000 |
| 2 | ശാരദ, മുതുകാട് | 40000 | 360000 |
| 3 | തുമ്മിണി, പുഴക്കൽ | 360000 | 40000 |
| 4 | റംല , മുതുകാട് | 220000 | 180000 |
| | LIFE PHASE 2 - SC | | |
| 1 | ശാരദ, പെരണ്ടക്കാട്, കിണാശ്ശേരി | 200000 | 200000 |
| 2 | ക്രിഷ്ണദാസ്, പൂവ്വക്കോട്, കണ്ണാടി | 360000 | 40000 |
| 3 | പ്രസന്നകുമാരി, അയ്യപ്പൻപറമ്പ്, തരുവക്കറിശ്ശി | 360000 | 40000 |
| | LIFE Spill Over Project – 2017-18 -SC | | |
| 1. | സജിത, കുത്തുപറമ്പ്, കണ്ണാടി | 45000 | 355000 |
| 2 | കുഞ്ചി, കുത്തുപറമ്പ്, കണ്ണാടി | 40000 | 360000 |
| 3 | ശാന്ത, കുത്തുപറമ്പ് | രജിസ്റ്ററിൽ തുക രേഖപ്പെടുത്തിയിട്ടില്ല | |
| 4 | സുനിതവിജയൻ, ആനപ്പറംകാട്, കിണാശ്ശേരി | രജിസ്റ്ററിൽ തുക രേഖപ്പെടുത്തിയിട്ടില്ല | |
| 5 | അനിത, തരുവക്കറിശ്ശി, കണ്ണാടി | 15000 | 385000 |

| | | | |
|---|---|---|---|
| 6 | ചെല്ല, കേലക്കാട് വീട്, തണ്ണീർപന്തൽ | 204000 | 196000 |
| 7 | സരസ്വതി, ആനപ്പുറംകാട്, കിണാശ്ശേരി | 90000 | 310000 |
| 8 | ചന്ദ്രിക, മുതുകാട് | 75000 | 325000 |
| 9 | രാധാക്രിഷ്ണൻ, കക്കോടി, മന്ദാട്ടുകളം | രജിസ്റ്ററിൽ തുക രേഖപ്പെടുത്തിയിട്ടില്ല | |
| | LIFE PHASE 3 To PHASE - 2 - General & Sc | | |
| 1 General | മീനാക്ഷിരാമക്രിഷ്ണൻ, മാമ്പറം, കിണാശ്ശേരി | 360000 | 40000 |
| 2 General | വിജയ, താണിയങ്കാവ്, കണ്ണാടി | 360000 | 40000 |
| 1 Sc | പ്രസന്ന, കൊല്ലങ്കോട്ടുപറമ്പ്, കണ്ണാടി | 360000 | 40000 |
| 2 Sc | രജനി, മന്ദാട്ടുകളം | 360000 | 40000 |
| 3 Sc | ആഷ, നെട്ടുവക്കാട്, കിണാശ്ശേരി | 360000 | 40000 |
| | LIFE PHASE 3 | | |
| 1 | കലൈവാണി, ശിവാനിവാസ്, കടകുറിശ്ശി | 360000 | 40000 |
| 2 | ധനലക്ഷ്മി, പാങ്ങോട് | 200000 | 200000 |
| 3 | സൗമ്യ, പതിയിൽ, മാമ്പറം | 360000 | 40000 |
| 4 | ധനലക്ഷ്മി, കടകുറിശ്ശി | 360000 | 40000 |

മേൽ സൂചിപ്പിച്ച വ്യക്തികളുടെ ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്. ( ഓഡിറ്റ് അന്വേഷണം - 17/ 09.11.23)

**1-23 വ്യക്തിഗത ടോയ് ലറ്റ് നിർമ്മാണം - ജനറൽ - (സ്പിൽഓവർ )പൂർത്തീകരിച്ചില്ല**

| | |
|---|---|
| പ്രൊജക്റ്റ് നം | 39 |
| പ്രൊജക്റ്റിന്റെ പേര് | വ്യക്തിഗത ടോയ് ലറ്റ് നിർമ്മാണം -ജനറൽ |

| | |
|---|---|
| | (സ്പിൽഓവർ) |
| അടങ്കൽ | 186000 ( CFC) |
| ചെലവ് | 120000 ( CFC) |
| ബിൽ സാങ്ക്ഷൻ ഓർഡർ നമ്പർ / തീയതി | 420/13.03.23 – 12000<br>479/24.03.23 – 24000<br>322/19.01.23 – 6000<br>246/ 03.12.22 – 6000<br>226/ 21.11.22 – 12000<br>53/ 18.07.22 – 60000 |

2022-23 സാമ്പത്തിക വർഷത്തിൽ വി ഇ ഒ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ വ്യക്തിഗത ടോയ് ലറ്റ് നിർമ്മാണം (സ്പിൽഓവർ ) പദ്ധതിയിലെ താഴെപ്പറയുന്ന ഗുണഭോക്താക്കൾ ശുചിമുറി നിർമ്മാണത്തിനുള്ള ധനസഹായമായ 12000 രൂപയിൽ ആദ്യഗഡു മാത്രം കൈപ്പറ്റി ശുചിമുറി നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല.

| ക്രമ നം. | പേര്, മേൽവിലാസം | കൈപ്പറ്റിയ തുക / തീയതി |
|---|---|---|
| 1 | ഭാസ്കർ, കുട്ടാല വീട്, വായനശാല, കിണാശ്ശേരി | 6000/10.10.22 |
| 2 | ദേവയാനി, W/o പഴണി, കേലക്കോട് | 6000/10.10.22 |
| 3 | സുന്ദരൻ, S/o കണ്ടൻ, കുട്ടവക്കോട് | 6000/10.10.22 |

മേൽ പരാമർശിച്ച ഗുണഭോക്താക്കളുടെ ശുചിമുറി നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്. ( ഓഡിറ്റ് അന്വേഷണം - 19/ 10.11.23)

**1-24 അനുപൂരകപോഷകാഹാരം - ബില്ലിൽ നിന്നും ജി.എസ്.ടി -ടി.ഡി.എസ് നടത്താതെ തുക അനുവദിച്ചു**

അങ്കണവാടി പോഷകാഹാരം പ്രൊജക്ടുകളുടെ ഭാഗമായി അമൃതം ന്യൂട്രിമിക്സ് വാങ്ങിയിരിക്കുന്നത് അമൃത ഫുഡ്സ് കുടുംബശ്രീ യൂണിറ്റ്, കുത്തനൂർ, ഉദയനന്ദനം ഫുഡ്സ് കുടുംബശ്രീ യൂണിറ്റ്, പരക്കളം, ചാലക്കൽ കണ്ണാടി എന്നീ സ്ഥാപനങ്ങളിൽ നിന്നുമാണ്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| പ്രൊജക്ടിന്റെ പേര് | അടങ്കൽ | ചെലവ് |
|---|---|---|
| 32/23- അനുപൂരകപോഷകാഹാരം (ജനറൽ) | 2557837(വികസനഫണ്ട്- ജനറൽ- 1257837+കേന്ദ്രാവിഷ്കൃതഫണ്ട് -800000 + ബ്ളോക്ക് ഷെയർ-500000) | 1728189(വികസനഫണ്ട്- ജനറൽ-1257837 +കേന്ദ്രാവിഷ്കൃതഫണ്ട് -125365+ ബ്ളോക്ക് ഷെയർ -344987 ) |
| 34/23, അനുപൂരക പോഷകാഹാരം (എസ്.സി) | 950000( വികസനഫണ്ട്- എസ്.സി.പി- 500000+കേന്ദ്രാവിഷ്കൃതഫണ്ട്- 50000 + ബ്ളോക്ക് ഷെയർ-400000) | 594672(വികസനഫണ്ട്- എസ്.സി.പി- 500000 + ബ്ളോക്ക് ഷെയർ -94672) |

അമൃതം ന്യൂട്രിമിക്സ് വിതരണം ചെയ്ത വകയിൽ അമൃത ഫുഡ്സ് കുടുംബശ്രീ യൂണിറ്റ്, കുത്തനൂർ, ഉദയനന്ദനം ഫുഡ്സ്, കുടുംബശ്രീ യൂണിറ്റ്, കണ്ണാടി എന്നിവക്ക് താഴെ പറയും പ്രകാരം തുക അനുവദിച്ചിട്ടുണ്ട്.

| ക്രമ നം. | ഇൻവോയ്സ് നമ്പർ/തീയതി | തുക (ജി.എസ്.ടി ഉൾപ്പെടെ) | ബിൽ നം./ റിക്വിസിഷൻ നം. |
|---|---|---|---|
| 1 | 1052/19.07.22 | 58212 | . 4/17.08.22 |
| 2 | 1071/06.08.22 | 172145 | 28/05.01.23 |
| 3 | 1105/01.2023 | 56006 | 38/16.2.23 |
| 4 | 1108 | 4274 | 46/21.03.23 |
| 5 | 1144/24.02.23 | 6468 | 53/28.03.23 |
| 6 | 1104/02.12.22 | 637 | 55/28.03.23 |
| 7 | 1120/2/23 | 57550 | |
| 8 | 1132/06.03.23 | 54904 | |
| 9 | 1029/04.02.22 | 19730 | 1/22.07.22 |
| 10 | 1028/04.02.22 | 88420 | |
| 11 | 1030/14.03.22 | 111916 | |
| 12 | 1048/01.07.22 | 61844 | |
| 13 | 1050/01.07.22 | 58264 | |
| 14 | 1073/06.08.22 | 3118 | 49/22.03.23 |
| 15 | 1080/24.09.22 | 59534 | |
| 16 | 1082/24.09.22 | 15468 | |
| 17 | 1087/17.11.22 | 56808 | |
| 18 | 844/19.10.22 | 58874 (AMRUTHA FOODS KUDUMBASREE UNIT, | 5085901101220028/20.12.22 |

| | | | |
|---|---|---|---|
| | | KUTHANUR) | |
| 19 SCP | 1049/01.07.22 | 26240 | 02/17.08.22 |
| 20 | 1051/01.07.22 | 27905 | |
| 21 | 1053/19.07.22 | 26460 | 03/17.08.22 |
| 22 | 1133/06.03.23 | 28224 | 51/28.03.23 |
| 23 | 1121/ | 25798 | 37/16.02.23 |
| 24 | 1106/ | 23152 | 32/04.02.23 |
| 25 | 1072/06.08.22 | 27562 | 30/05.01.23 |
| 26 | 1074/06.08.22 | 1675 | |
| 27 | 1081/24.09.22 | 24254 | |
| 28 | 1083/24.09.22 | 8651 | |
| 29 | 845/19.10.22 | 23814 (AMRUTHA FOODS KUTHANUR) | |
| 30 | 1091/17.11.22 | 23814 | |
| 31 | 1103/02.12.22 | 22490 | 31/09.01.23 |
| 32 | 1107 | 4158 | |

2017 ലെ സി.ജി.എസ്.ടി ആക്ട്/എസ്.ജി.എസ്.ടി ആക്ട് എന്നിവയിലെ വകുപ്പ് 51(1) പ്രകാരം കരാറിന്റെ ആകെ മൂല്യം 2.50 ലക്ഷത്തിന് മുകളിലുള്ള സാധനങ്ങളുടെയോ സേവനങ്ങളുടെയോ രണ്ടിന്റെയുമോ കരാറുകളിൽ കരാറുകാരുടെ ബില്ലുകളിൽ നിന്നും സ്രോതസ്സിൽ നിന്നും 1% തുക കുറവ് ചെയ്യുവാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. CGST,SGST ഇനത്തിൽ 1% വീതം ആകെ 2% സ്രോതസ്സിൽ നിന്നും കുറവു ചെയ്യേണ്ടതാണ്. കേന്ദ്ര ധനമന്ത്രാലയത്തിന്റെ 13-09-2018 ലെ വിജ്ഞാപനം നം. 50/2018- Central Tax പ്രകാരം 01-10-2018 മുതൽ ജി.എസ്.ടി ബാധകമായ സാധനങ്ങൾ വാങ്ങുകയോ സേവനങ്ങൾ സ്വീകരിക്കുകയോ ചെയ്തതിനു ശേഷം തുക അനുവദിക്കുമ്പോൾ ആകെ കരാർ തുക 2.50 ലക്ഷത്തിൽ അധികരിച്ചാൽ സ്രോതസ്സിൽ നിന്നും ജി.എസ്.ടി കുറവു ചെയ്യേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ജി.എസ്.ടി ഒഴികെയുള്ള തുകയിൽ നിന്നാണ് 2% കുറവു ചെയ്യേണ്ടത്.

എന്നാൽ മേൽ പറഞ്ഞ ബില്ലുകൾ പ്രകാരം തുക അനുവദിച്ചപ്പോൾ ടി.ഡി.എസ് നടത്താതെ 5% ജി.എസ്.ടി ഉൾപ്പെടെ മുഴുവൻ തുകയും സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. ബില്ലുകളിൽ നിന്നും ജി.എസ്.ടി ടി.ഡി.എസ് നടത്താതിരുന്നതിന്റെ കാരണം വ്യക്തമാക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ( നം- 13/08.11.23 ) മറുപടി ലഭ്യമായില്ല.

ടി.ഡി.എസ് കുറവു ചെയ്യുന്നതിൽ വീഴ്ച വരുത്തിയാൽ നിർവ്വഹണ ഉദ്യോഗസ്ഥ പിഴ ഒടുക്കുവാൻ ബാദ്ധ്യസ്ഥയായതിനാൽ ഇക്കാര്യത്തിൽ വീഴ്ച ഉണ്ടാകാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

**1-25 മരാമത്ത് പ്രവൃത്തികൾ-ഫൈൻ ഈടാക്കിയില്ല**

സ.ഉ(പി)നം.13/2012/PWD തിയതി 1-2-2012 പ്രകാരം പുറപ്പെടുവിച്ച കേരള പൊതുമരാമത്ത് മാനുലിലെ സെക്ഷൻ 2112.1 പ്രകാരം അസ്സൽ കാലാവധിയുടെ 25 ശതമാനമോ ആറ് മാസമോ ഏതാണോ കുറവ് ആ കാലാവധി വരെ പ്രവൃത്തി പൂർത്തീകരണ സമയം ദീർഘിപ്പിച്ചു നൽകാവുന്നതാണ്. അസ്സൽ കാലാവധിയുടെ 50 ശതമാനത്തിൽ കൂടുതൽ കാലാവധി ദീർഘിപ്പിച്ചു നൽകാവുന്നതല്ല. മേൽ ഉത്തരവു പ്രകാരം കാലാവധി ദീർഘിപ്പിക്കുന്നതിന് ആദ്യ തവണ ദീർഘിപ്പിക്കുന്നതിന് (അസ്സൽ കാലാവധിയുടെ

25 ശതമാനമോ ആറ് മാസമോ ഏതാണോ കുറവ്) പിഴ പി.എ.സിയുടെ 1% (കുറഞ്ഞത് 1000 രൂപ കൂടിയത് 50000 രൂപ), ആദ്യത്തെ ദീർഘിപ്പിക്കലിനു ശേഷവും ദീർഘിപ്പിക്കുന്നതിന് പി.എ.സിയുടെ 2% (കുറഞ്ഞത് 2000 രൂപ കൂടിയത് 100000 രൂപ) എന്നിങ്ങനെ നിശ്ചയിച്ചിട്ടുണ്ട് കരാർ കാലാവധി തീരുന്നതിനു മുമ്പ് കരാർ കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ കരാറുകാരൻ നൽകേണ്ടതും ആയത് നിർവ്വഹണോദ്യോഗസ്ഥന്റെ ശുപാർശയോടെ പഞ്ചായത്ത് ഭരണസമിതി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഫൈൻ ഈടാക്കി ദീർഘിപ്പിക്കാവുന്നതാണ്.

എന്നാൽ താഴെ പറയുന്ന പ്രവൃത്തികളിൽ മാന്വൽ പ്രകാരമുള്ള നടപടി ക്രമങ്ങൾ പാലിക്കപ്പെട്ടിട്ടില്ല. കൂടാതെ കാലാവധിയുടെ 50% ൽ കൂടുതൽ സമയം വീണ്ടും അനുവദിച്ചിട്ടുമുണ്ട്.

1. പ്രൊജക്ട് – കണക്കൻകാട് കിഴക്കേതരുവകുറിശ്ശി റോഡ് റീടാറിംഗ്(39/22-23)

അടങ്കൽ - 387000 (MG-R)

APAC -344864

ചെലവ് - 386088

ബിൽ 58/7.3.23 -

അളവ് പുസ്തകം - 384/21-22

കരാറുകാരൻ - ശ്രീ. സുരേഷ് കുമാർ

എഗ്രിമെന്റ് നം.: - 61/22.3. 22

പ്രവൃത്തി ആരംഭിച്ച തിയതി - 22.3.22

കരാർ പ്രകാരം കാലാവധി- 6 മാസം - 22.9.22 വരെ.

പ്രവൃത്തി പൂർത്തീകരിച്ചത്- 2.2.23

ഈടാക്കേണ്ട ഫൈൻ - 344864 X3% =10346

ഈടാക്കിയത് -0

കുറവ് – 10346

പദ്ധതി പ്രകാരം 1 St Layer Metalling ചില സ്ഥലത്ത് കൂടുതൽ ചെയ്യേണ്ടി വന്നതിനാൽ കരാറുകാരൻ ആദ്യം 5.11.22 വരെയും പിന്നീട് 20.12.22 വരെയും കാലാവധി ദീർഘിപ്പിക്കാൻ അപേക്ഷിക്കുകയും എഞ്ചിനീയർ ശുപാർശ ചെയ്യുകയും ചെയ്തിട്ടുണ്ട്. വീണ്ടും 31.3.23 വരെ ബിറ്റുമിൻ ലഭിക്കാൻ കാലതാമസം എന്ന കാരണം രേഖപ്പെടുത്തി അപേക്ഷ നൽകിയിട്ടുണ്ട്. അളവ് പുസ്തകം പ്രകാരം 5.1.23 മുതൽ 2.2.23 വരെയാണ് പ്രവൃത്തി നടത്തിയിട്ടുള്ളത്. കരാർ പ്രകാരം സ്ഥലം ഏറ്റെടുത്ത് 10 ദിവസത്തിനകം പ്രവൃത്തി ആരംഭിക്കണം. എന്നാൽ 9-10 മാസം കഴിഞ്ഞ് റോഡ് പൂർണ്ണമായും തകരുന്ന സാഹചര്യം വരെയും പ്രവൃത്തി ആരംഭിച്ചിട്ടില്ല. കാലതാമസത്തിന് നിയമാനുസൃത ഫൈൻ ഈടാക്കേണ്ടതും ഭാവിയിൽ നടപടിക്രമങ്ങൾ കൃത്യമായി പാലിക്കേണ്ടതുമാണ്

2. പ്രൊജക്ട് – വക്കാട് എസ്.സി കോളനി DWSS

പി എ സി -257367

ചെലവ് -

ബിൽ 1/30.5.22 -66097

70/28.3.23 -211819

അളവ് പുസ്തകം - 361/21-22

കരാറുകാരൻ - ശ്രീ. അരുൾ.വി

എഗ്രിമെന്റ് നം.: - 83/16.2.21

പ്രവൃത്തി ആരംഭിച്ച തിയതി - 16.2.21

കരാർ പ്രകാരം കാലാവധി- 6 മാസം - 15.8.21 വരെ.

പ്രവൃത്തി പൂർത്തീകരിച്ചത്- 10.3.23

പ്രവൃത്തി ആരംഭിക്കാത്തതിന് 23.9.21 ന് കരാറുകാരന് നോട്ടീസ് നൽകിയിട്ടുണ്ട്. തുടർന്ന് സൈറ്റിലേക്ക് വണ്ടി എത്തിക്കാൻ കഴിയില്ല എന്ന കാരണത്താൽ പുതിയ സൈറ്റ് പെഗ് മാർക്ക് ചെയ്ത് ബോർവെൽ കുഴിച്ചിട്ടുണ്ട്. 16.3.23 ന് ഫൈനോടുകൂടി കാലാവധി നീട്ടി നൽകുവാൻ ശുപാർശ ചെയ്തിട്ടുണ്ട്. എന്നാൽ 2118 രൂപ മാത്രമാണ് ഫൈനായി ഈടാക്കിയത് .

ഈടാക്കേണ്ട ഫൈൻ - 257367 X 3 % = 7721

ഈടാക്കിയത് .- 2118

കുറവ് - 5603.

ഓഡിറ്റ് എൻക്വയറി -20/10.11.23 പ്രകാരം വിശദീകരണം ആവശ്യപ്പെട്ടുവെങ്കിലും മറുപടി ലഭ്യമായില്ല. മേൽ പറഞ്ഞ 2 പ്രവൃത്തികളിലുമായി ആകെ 15949 രൂപ ( 10346+ 5603 ) ഈടാക്കി തനത് ഫണ്ടിൽ ഒടുക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. തുക ഈടാക്കുന്നതുവരെ ആയത്, ഫൈൻ തുക ക്രമീകരിക്കാതെ കരാറുകാർക്ക് ഫൈനൽ ബിൽ അനുവദിച്ചുനൽകിയ എഞ്ചിനീയറുടെ ബാധ്യതയായി ഓഡിറ്റിൽ നിശ്ചയിക്കുന്നു.

## 1-26 പ്രവൃത്തി ആരംഭിക്കുന്നതിന് മുൻപ് ആവശ്യമായ അനുമതികൾ ലഭ്യമാക്കിയില്ല

പ്രൊജക്ട് -പയറ്റിൻകാട് ഇടവഴി കോൺക്രീറ്റ് (111/21)

അടങ്കൽ -200000

ചെലവ് - 13/30.8.22 - 200000

കരാർ -85/17.2.21

കാലാവധി- 6 മാസം
കരാറുകാരൻ –ശ്രീ. സന്ദീപ്

2020-21 വർഷം ആരംഭിച്ച പ്രവൃത്തിക്ക് 17.2.21 ന് ശ്രീ. സന്ദീപ് കരാർ വച്ചിട്ടുണ്ട്. പ്രവൃത്തി ആരംഭിക്കാത്തതിന് 23.11.21 ന് കരാറുകാരന് നോട്ടീസ് നൽകിയിട്ടുണ്ട്. അളവ് പുസ്തകം പ്രകാരം 16.8.22 നാണ് പ്രവൃത്തി ആരംഭിച്ചത്. ഇറിഗേഷൻ വകുപ്പിൽ നിന്നും ആവശ്യമായ അനുമതി പഞ്ചായത്ത് ലഭ്യമാക്കാത്തതിനാലാണ് പ്രവൃത്തി ആരംഭിക്കാതിരുന്നത് എന്ന് കരാറുകാരൻ അറിയിച്ചിട്ടുണ്ട്.

ഇറിഗേഷൻ വകുപ്പിൽ നിന്നും NOC ക്കായി നടപടി സ്വീകരിക്കുവാൻ 31.5.22 ന് മാത്രമാണ് AE സെക്രട്ടറിക്ക് കത്ത് നൽകിയത്. 10.8.22 നാണ് NOC ലഭ്യമായത്. ടെണ്ടർ ചെയ്ത് സൈറ്റ് ഹാൻഡ് ഓവർ ചെയ്ത് ഒരു വർഷത്തിന് ശേഷമാണ് NOC ലഭ്യമാക്കാനുള്ള നടപടി ആരംഭിച്ചത്. 10.8.22 ന് ഇറിഗേഷൻ വകുപ്പ് അനുമതി നൽകുകയും തുടർന്ന് 16.8.22 ന് ആരംഭിച്ച് 3.9.22 ന് പ്രവൃത്തി പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്.

ഓഡിറ്റ് എൻക്വയറി -20/10.11.23 ന് മറുപടി ലഭിച്ചില്ല. ആവശ്യമായ അനുമതികൾ ലഭ്യമാക്കിയ ശേഷം മാത്രം പ്രവൃത്തികൾ ടെണ്ടർ ചെയ്ത് കരാർ വെയ്ക്കേണ്ടതും പി.ഡബ്ല്യു.ഡി മാനുവലിലെ വ്യവസ്ഥകൾ പ്രകാരമുള്ള കരാർ കാലാവധി പാലിക്കേണ്ടതുമാണ്.

## 1-27 മരാമത്ത് പ്രവൃത്തികൾ –പൊതു അപാകതകൾ

സർക്കാർ ഉത്തരവ് (കൈ)നം.84/2022/തസ്വഭവ തിയതി 19-04-2022 പ്രകാരം പുറപ്പെടുവിച്ച പദ്ധതി മാർഗ്ഗരേഖയിലെ ഖ.6.8 (1) പ്രകാരം മെയിന്റനൻസ് ഫണ്ടും തനത് ഫണ്ടും ഉപയോഗപ്പെടുത്തി തദ്ദേശഭരണ സ്ഥാപനത്തിന്റെ ഉടമസ്ഥതയിലും മേൽനോട്ടത്തിലും നിയന്ത്രണത്തിലുമുള്ള റോഡ്, റോഡ്

ഇതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു ആസ്തി സംരക്ഷണ പദ്ധതി (Asset Maintenance Plan) തയ്യാറാക്കേണ്ടതാണ് എന്നും സേവനം മെച്ചപ്പെടുത്തുന്നതിനും നിലവിലുള്ള ആസ്തി വിപുലപ്പെടുത്തുന്നതിനും വർദ്ധിപ്പിക്കുന്നതിനും സ്ഥാപനങ്ങളെ ഉന്നത നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനും അനുയോജ്യമായ നിർദ്ദേശങ്ങൾ തദ്ദേശഭരണ സ്ഥാപനങ്ങളുടെ ആസ്തി സംരക്ഷണ പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടത് എന്ന് നിർദേശിച്ചിട്ടുണ്ട്.

പദ്ധതി മാർഗ്ഗരേഖയിലെ ഖ.6.8 (2) പ്രകാരം അംഗീകൃത ഏജൻസികളെ ഉപയോഗിച്ച് ജി.ഐ.എസ്. സങ്കേതങ്ങൾ ഉപയോഗപ്പെടുത്തി ആസ്തികളുടെ ഡിജിറ്റലൈസേഷൻ നടത്തി ആസ്തി രജിസ്റ്റർ കുറ്റമറ്റതും കാലികവും ആക്കേണ്ടതും തങ്ങളുടെ ഉടമസ്ഥതയിലുള്ള എല്ലാ ആസ്തികളും ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന് തദ്ദേശഭരണ സ്ഥാപനങ്ങൾ ഉറപ്പാക്കേണ്ടതാണ് എന്നും നിർദേശിച്ചിട്ടുണ്ട്. എന്നാൽ ഇപ്രകാരമുള്ള പദ്ധതികൾ നടപ്പിലാക്കിയിട്ടില്ല.

റോഡ് കണക്ടിവിറ്റി മാപ്പിംഗും നാളിതുവരെ പൂർത്തിയായിട്ടില്ല. ജി.ഒ (എം.എസ്) 84&86/2022 /ത.സ്വ.ഭ.വ/19.04.22 പ്രകാരമുള്ള ഡ്രെയ്നേജ് പ്ലാൻ തയ്യാറാക്കിയിട്ടില്ല.

**മോണിറ്ററിംഗ് സംവിധാനം**

ആസൂത്രണ മാർഗ്ഗരേഖയിലെ ഖണ്ഡിക നമ്പർ 12.2(8) പ്രകാരം നിർമ്മാണ പ്രവൃത്തികളുടെ സുതാര്യതയും ഉത്തരവാദിത്തവും ഉറപ്പ് വരുത്തുന്നതിന് ഓരോ പ്രവൃത്തിക്ക് വേണ്ടിയും **ഗുണഭോക്താക്കൾക്ക് പങ്കാളിത്തമുള്ള** മോണിറ്ററിംഗ് സമിതികൾ രൂപീകരിക്കണമെന്നും ഈ സമിതികൾ ഗുണഭോക്തൃ സമിതികളുടെ എക്സിക്യൂട്ടീവ് കമ്മറ്റിയുടെ മാതൃകയിലായിരിക്കണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചതു പ്രകാരം ഗ്രാമപഞ്ചായത്തിൽ ഇത്തരത്തിൽ പൊതുമരാമത്ത് പ്രോജക്ടുകൾ മോണിറ്ററിംഗിനും വിധേയമാക്കിയിട്ടില്ല.

**പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കാത്തതിനാൽ ഫണ്ട് നഷ്ടം**

ഓഡിറ്റ് വർഷം 122 പ്രൊജക്ടുകൾക്ക് അംഗീകാരം ലഭിച്ചെങ്കിലും 75 പദ്ധതികൾ മാത്രമാണ് നടപ്പിലാക്കിയത്. 32009192 രൂപ വകയിരുത്തിയതിൽ 11825817 (37%) മാത്രമാണ് ചെലവായത്.പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കാത്തതിനാൽ ഗ്രാമപഞ്ചായത്തിന് ഫണ്ട് നഷ്ടമാകുന്നതിന് ഇടയായി.

**2.സ്പിൽ ഓവർ പദ്ധതികൾ നടപ്പിലാക്കിയില്ല**

മുൻവർഷങ്ങളിൽ ആരംഭിച്ച് തൻവർഷം സ്പിൽ ഓവർ അംഗീകാരം വാങ്ങിയ താഴെ പറയുന്ന പ്രവർത്തികൾക്ക് ഓഡിറ്റ് വർഷം ചെലവ് വന്നിട്ടില്ല. കാരണം അറിയിക്കേണ്ടതാണ്.

| | പ്രൊജക്ട് നം | പേര് | അടങ്കൽ |
|---|---|---|---|
| 1 | 98/23 | വാടപറമ്പ് DWS | 250000 |
| 2 | 55/23 | പഞ്ചായത്ത് സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ-കാബിൻ സൗകര്യം | 100000 |
| 3 | 56/23 | ISO Certification Rack സ്ഥാപിക്കൽ | 100000 |
| 4 | 61/23 | പഞ്ചായത്ത് ഓഫീസ് ആർച്ച് | 150000 |

| | | സ്ഥാപിക്കൽ | |
|---|---|---|---|

മേൽ പദ്ധതികൾ നടപ്പിലാക്കാത്തതിന് കാരണം അറിയാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് -23/10.11.23 – മറുപടി ലഭിച്ചില്ല. കരാറുകാരൻ പ്രവൃത്തി ആരംഭിക്കാത്തതിനാലാണ് എങ്കിൽ നിയമാനുസൃത നടപടികൾ സ്വീകരിക്കേണ്ടതാണ്. പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-28 ജി.എസ്.ടി ബാധകമല്ലാത്ത ഇനത്തിന് ജി.എസ്.ടി അനുവദിച്ചു

പ്രോജക്ട് -256/23, MCF ൽ നിന്നും മാലിന്യം നീക്കം ചെയ്യൽ

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസി.സെക്രട്ടറി

അടങ്കൽ - 200,000 (Own Fund)

ചെലവ് - 91225

മേൽ പ്രോജക്ട് പ്രകാരം ഗ്രാമപഞ്ചായത്തിലെ എം.സി.എഫിൽ ശേഖരിച്ചിട്ടുള്ള പുനചംക്രമണ യോഗ്യമല്ലാത്ത അജൈവ മാലിന്യം (Rejected Waste) നീക്കം ചെയ്ത വകയിൽ കരാറുകാരന് തുക നൽകുകയാണ് ചെയ്തിട്ടുള്ളത്. 28.1.22 ലെ ഭരണസമിതി തീരുമാനം 3-2 പ്രകാരം 4.5/ Kg (Excluding Tax)എന്ന നിരക്കിലുള്ള ശ്രീ.അബ്ദുൾ ലത്തീഫിന്റെ ടെണ്ടർ അംഗീകരിച്ച ആയതിന്റെ അടിസ്ഥാനത്തിൽ താഴെ പറയുന്ന ഇൻവോയ്സുകൾ പ്രകാരമുള്ള തുക കമ്പനിക്ക് നൽകിയിട്ടുണ്ട്.

| ക്രമ നം. | ഇൻവോയ്സ് നം. / തീയതി | നീക്കം ചെയ്ത മാലിന്യത്തിന്റെ അളവ് (കി.ഗ്രാം) | തുക (@ ₹4.5/kg) | ജി.എസ്.ടി @18% | ആകെ തുക |
|---|---|---|---|---|---|
| 1 | 1/19-1-23 | 4990 | 22455 | 4041 | 26496 |
| 2 | 2/ 28-01-23 | 6320 | 28440 | 5119 | 33559 |
| 3 | 3/2.2.23 | 2950 | 13275 | 2390 | 15665 |
| 4 | 4/14.3.23 | 770 | 3465 | 624 | 4089 |
| 5 | 5/22.3.23 | 2150 | 9675 | 1742 | 11417 |
| | ആകെ (പരിമിതപ്പെടുത്തി 91225/-രൂപ) | | | | 91226 |

മേൽ സൂചിപ്പിച്ച പ്രകാരം Legacy Waste നീക്കം ചെയ്തതിന് 18% ജി.എസ്.ടി ഉൾപ്പെടെ ആകെ 91225 രൂപ നൽകിയിട്ടുണ്ട്.

2017 ലെ സി.ജി.എസ്.ടി ആക്ട്, 2017 ലെ കേരള ജി.എസ്.ടി ആക്ട് എന്നിവയിലെ സെക്ഷൻ 11(1) ലെ അധികാരം ഉപയോഗിച്ച് പുറപ്പെടുവിച്ച കേന്ദ്ര സർക്കാർ വിജ്ഞാപനം നം.12/2017- Central Tax(Rate) തി.28-06-2017, കേരള സർക്കാർ വിജ്ഞാപനം SRO No. 371/2017 തി.30-06-2017 എന്നിവ പ്രകാരം ഭരണഘടനയുടെ ആർട്ടിക്കിൾ 243G യുടെ അടിസ്ഥാനത്തിൽ തദ്ദേശഭരണ സ്ഥാപനത്തിൽ നിക്ഷിപ്തമായ ചുമതലകൾ നിർവ്വഹിക്കുന്നതിന് തദ്ദേശ സ്ഥാപനങ്ങൾക്ക് നൽകുന്ന പൂർണ്ണ സേവനങ്ങളെ (Pure Services) ജി.എസ്.ടി യിൽ നിന്നും ഒഴിവാക്കി ഉത്തരവായിട്ടുണ്ട്.

എന്നാൽ മേൽ പറഞ്ഞ ഇൻവോയ്സുകൾ പ്രകാരം 18% ജി.എസ്.ടി ഉൾപ്പെടെയുള്ള തുകയാണ് നൽകിയിട്ടുള്ളത്. ജി.എസ്.ടി യിൽ നിന്നും ഒഴിവാക്കിയ സേവനത്തിന് ജി.എസ്.ടി തുക നൽകിയതിന്റെ കാരണം അറിയിക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.14/8-11-23) കരാറുകാരൻ GST ഒടുക്കിയിട്ടുണ്ട് എന്നും ഭാവിയിൽ GST ഒഴിവാക്കി തുക

നൽകുന്നതാണ് എന്നും മറുപടി നൽകിയിട്ടുണ്ട്. അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

**1-29 പഠനമുറി നിർമ്മാണപദ്ധതി - അപാകതകൾ**

താഴെ പറയുന്ന രണ്ട് പദ്ധതികൾ മുഖേന എസ്.സി. വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മിക്കുന്നതിനായി ധനസഹായം അനുവദിച്ചിട്ടുണ്ട്. 2 ലക്ഷം രൂപയ സബ്സിഡി 3 ഗഡുക്കളായാണ് നൽകുന്നത്. പദ്ധതി പ്രകാരം രണ്ട് ഗഡു ധനസഹായം കൈപ്പറ്റിയ താഴെ പറയുന്ന ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തിയാക്കി മൂന്നാം ഗഡു കൈപ്പറ്റിയിട്ടില്ല

87/23-എസ്.സി.ബിരുദവിദ്യാർത്ഥികൾക്ക് പഠനമുറി

അടങ്കൽ -3000000

ചെലവ് - 1550000

A). അതുല്യ.സി - , തിരുവാതിര

കൈപ്പറ്റിയ തുക –

ബിൽ നം - തുക

15/21.1.-23 – 50000

22/ 8.3.23- 75000

B) Project 77/23

ചെലവ് - 930000

പദ്ധതി പ്രകാരം ശ്രീനാഥ്, ചെല്ലിക്കാട് എന്ന ഗുണഭോക്താവിന് 6.12.21 ന് 50000 രൂപയും 18.2.22 ന് 75000 രൂപയും അനുവദിച്ചിട്ടുണ്ട്. എന്നാൽ നിർമ്മാണം പൂർത്തിയാക്കിയതായി കാണുന്നില്ല.

ഓഡിറ്റ് എൻക്വയറി - 15/9.11.23 ന് മറുപടിയായി നിർമ്മാണം പൂർത്തിയാക്കി ബിൽ നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്.

G.O(Rt)2636/lsgd/15.10.18 പ്രകാരം 800 ചതുരശ്ര അടിയിൽ അധികരിക്കാത്ത നിലവിലുള്ള വീടിന് 120 ചതുരശ്ര അടി (11.14 M2) വിസ്തീർണമുള്ള പഠനമുറിയാണ് നിർമ്മിക്കാവുന്നത്. എന്നാൽ പ്ലാൻ ഹാജരാക്കിയ ഗുണഭോക്താക്കളില് പലരുടേയും പഠനമുറി 120 ചതുരശ്ര അടിയിലും കൂടുതലാണ്.

ഉദാ - അക്ഷയ രവി - 18.75 M2 എന്നാണ് അപേക്ഷയിലും റൂഫ് ലെവൽ വരെയുള്ള വാല്യുവേഷനിലും .

നിരഞ്ജന, കടലാകുറിശ്ശി – 12.65 M2

പ്രവൃത്തി പൂർത്തിയാക്കി തുക നൽകുമ്പോൾ വാല്യുവേഷൻ റിപ്പോർട്ടിലോ ഫയലിലോ വിസ്തീർണ്ണമോ മറ്റ് വിവരങ്ങളോ രേഖപ്പെടുത്തിയിട്ടില്ല. വാല്യുവേഷൻ സർട്ടിഫിക്കറ്റിൽ 2 ലക്ഷം രൂപയുടെ പ്രവൃത്തി പൂർത്തിയാക്കി എന്ന് മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഓഡിറ്റ് എൻക്വയറി - 15/9.11.23 ന് മറുപടിയായി വാല്യുവേഷൻ സർട്ടിഫിക്കറ്റ് കൃത്യമായ വിവരങ്ങൾ ഉൾപ്പെടുത്തി വാങ്ങുന്നതാണെന്നും അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കുന്നതാണ് എന്നുമാണ് അറിയിച്ചത്.

**1-30 വയോജനങ്ങൾക്ക് കട്ടിൽ -നടപടിക്രമങ്ങൾ പാലിച്ചില്ല**

പ്രൊജക്റ്റ്നമ്പർ- 86/22-23 – എസ്.സി വയോജനങ്ങൾക്ക് കട്ടിൽ

ചെലവുതുക- 189950

ബിൽ - 26/28.3.23

നിർവഹണം - അസി.സെക്രട്ടറി

എസ്.സി വയോജനങ്ങൾക്ക് കട്ടിൽ നൽകുന്ന പദ്ധതി പ്രകാരം ആർട്ട്കോയിൽ നിന്നും 50 കട്ടിലുകൾ

വാങ്ങിയിട്ടുണ്ട്. സ.ഉ(പി)നം.07/2019/SPD തിയതി 26-04-2019 പ്രകാരം 25000 രൂപയ്ക്ക് മുകളിലുള്ള വാങ്ങലുകൾ കേന്ദ്ര സർക്കാരിന്റെ ഓൺലൈൻ പോർട്ടൽ ആയ GeM (Government E Marketplace) ൽ സാധനങ്ങൾ ലഭ്യമാണോ എന്ന് പരിശോധിക്കേണ്ടതും GeM ൽ ലഭ്യമായവ GeM മുഖേന നിർബന്ധമായും വാങ്ങേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ കട്ടിലുകൾ GeM ൽ ലഭ്യമാണോ എന്ന് നിർവഹണ ഉദ്യോഗസ്ഥ പരിശോധിച്ചിട്ടില്ല. ആർട്ട് കോയിൽ നിന്ന് നേരിട്ടാണ് കട്ടിലുകൾ വാങ്ങിയത്.

ജി.ഒ(ആർടി)നം. 1/2021/SPD തിയതി 05.02.21 പ്രകാരം ARTCO-യുടെ പ്രൈസ് ലിസ്റ്റിൽ ഉൾപ്പെട്ട ഫർണിച്ചറുകൾ മാത്രമാണ് ടെണ്ടർ നടപടികൾ കൂടാതെ നേരിട്ട് വാങ്ങാവുന്നത്. ജി.ഒ(ആർടി)നം. 4/2018/SPD തിയതി 02.02.2018 പ്രകാരമുള്ള സ്റ്റോർ പർച്ചേയ്സ് ഡിപ്പാർട്ടുമെന്റിന്റെ ഉത്തരവിൽ ARTCO നിർമ്മിച്ച് വിതരണം ചെയ്യുന്ന ഫർണിച്ചറുകളുടെ പ്രൈസ് ലിസ്റ്റിൽ ഗ്രാമപഞ്ചായത്ത് മേൽ പ്രൊജക്ടുകൾ പ്രകാരം ആവശ്യപ്പെട്ട സ്പെസിഫിക്കേഷനിലുള്ളവ ഉൾപ്പെടുന്നില്ല. മേൽപരാമർശിച്ച സർക്കാർ ഉത്തരവുകൾക്ക് വിരുദ്ധമായി ഫർണിച്ചറുകൾ ARTCO യിൽ നിന്നും വാങ്ങുവാനുണ്ടായ സാഹചര്യം വ്യക്തമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (15/9.11.23) പൊതുവെ ഗുണനിലവാരം കുറഞ്ഞവയായതിനാൽ ജെം മുഖേന വാങ്ങേണ്ടതില്ല എന്ന് ഭരണസമിതി നിർദേശിച്ചതിനാലാണ് ആർട്ട് കോയിൽ നിന്ന് പർച്ചേസ് നടത്തിയത് എന്നാണ് അറിയിച്ചത്.

പ്രൊജക്ടുകളുടെ നിർവഹണത്തിൽ പാലിക്കേണ്ട സർക്കാർ ഉത്തരവുകൾക്കും, പദ്ധതി/സബ്സിഡി മാർഗ്ഗരേഖകളിലെ വ്യവസ്ഥകൾക്കും, പ്രൊക്യൂർമെന്റ് മാർഗ്ഗരേഖയിലെ വ്യവസ്ഥകൾക്കും അനുസൃതമായി മാത്രം വാങ്ങലുകൾ നടത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷൻ കണക്കുകൾ പരിശോധിച്ച തിയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2022-23 | 02-11-2023 മുതൽ 10-11-2023 വരെ | ഓഡിറ്റ് സാക്ഷ്യപത്രം അനുബന്ധം-1 ആയി ചേർത്തിട്ടുണ്ട്. |

### 4-2 സംയുക്തപ്രൊജക്ടുകൾക്കുള്ള ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| കുഴൽമന്ദം | 2020-21 | 765362 | ലൈഫ് മിഷൻ GI | 553687 | 191675+20000= |

| | | | | | |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | | | -279/23 | | 211675 |
| " | | 1357860 | ലൈഫ് മിഷൻ-scp -275/23 | 1357860 | 0 |
| " | 2022-23 | 1246313 | ലൈഫ് മിഷൻ -GI -93/23 | 1246313 | 0 |
| " | 2022-23 | 344987 | കോക്ലിയാർ ഇംപ്ലാന്റേഷൻ (196/23) | 344987 | 0 |
| " | 2022-23 | 174600 | അനുപൂരകപോഷകാഹാരം-32/23 | 174600 | 0 |
| " | | 94672 | അനുപൂരകപോഷകാഹാരം-34/23 | 94672 | 0 |
| " | | 1363200 | നെൽകൃഷിക്ക് കൂലിചെലവ് – 83/ 23 | 1363200 | 0 |
| " | | 36800 | നെൽകൃഷിക്ക് കൂലിചെലവ് SCP – 84/ 23 | 36800 | 0 |
| " | | 134200 | ഭിന്നശേഷി സ്കോളർഷിപ്പ് - 92/23 | 134200 | 0 |
| " | | 250000 | പാലിന് സബ്സിഡി - 280/23 | 250000 | 0 |
| " | | 125000 | പാലിന് സബ്സിഡി - 282/23 | 125000 | 0 |
| " | | 20000 | ജനകീയഹോട്ടൽ (80/23) | 20000 | 0 |
| ബ്ലോക്ക് - ആകെ | | 5912994 | | 5701319 | 211675 |
| പാലക്കാട് ജില്ലാ പഞ്ചായത്ത് | മുന്നിരിപ്പ | 2191655 | വിവരം ലഭ്യമായില്ല | 0 | 2191655 |
| പാലക്കാട് ജില്ലാ പഞ്ചായത്ത് | 2022-23 | 1400000 | ലൈഫ് മിഷൻ-scp | 1400000 | 0 |
| | 2022-23 | 82800 | ഉഴവ് കൂലി (എസ്.സി)84/23 | 82800 | 0 |
| | | 1922500 | നെൽകൃഷി 84/23 | 1922500 | 0 |
| | | 150000 | പാലിന് സബ്സിഡി-280/23 | 150000 | 0 |
| | | 30000 | അഗതിരഹിതകേരളം | 0 | 30000 |
| ജില്ല പഞ്ചായത്ത്-ആകെ | | 5776955 | | 3555300 | 2221655 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര്/ പ്രൊജക്ട് നം | ബിൽ/ ചെക്ക് നമ്പർ | ഡെപ്പോസിറ്റ് തുക | റിമാർക്ക്സ് |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| KSEB, മേലാമുറി | തെരുവ് വിളക്ക പോസ്റ്റ് മാറ്റി സ്ഥാപിക്കലും ലൈൻ വലിക്കലും (72/22-23) | XVFC/2022-23/P/49 26-11-2022 | 15901 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി യിട്ടില്ല |
| KSEB, കുഴൽമന്ദം, കൊട്ടുവായൂർ | തെരുവുവിളക്ക് ലൈൻ വലിക്കൽ (16/22-23 ) | XVFC/2022-23 /P/73/10-3-23 | 406742 12508 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി യിട്ടില്ല |
| ബിഗ്ബസാർ കെ. എസ്.ഇ.ബി സബ് സെക്ഷൻ | തെരുവുവിളക്ക് ലൈൻ വലിക്കൽ (16/22-23 ) | 23/22-23 - 21.03.23 | 47200 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല |
| കൊട്ടുവായൂർ കെ. എസ്.ഇ.ബി സബ് സെക്ഷൻ | തെരുവുവിളക്ക് ലൈൻ വലിക്കൽ (16/22-23 ) | 23/22-23 - 21.03.23 | 57230 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല |
| കുഴൽമന്ദം കെ. എസ്.ഇ.ബി സബ് സെക്ഷൻ | തെരുവുവിളക്ക് ലൈൻ വലിക്കൽ (16/22-23 ) | 23/22-23 - 21.03.23 | 68126 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല |
| സുൽത്താൻപേട്ട കെ. എസ്.ഇ.ബി സബ് സെക്ഷൻ | തെരുവുവിളക്ക് ലൈൻ വലിക്കൽ (16/22-23 ) | 23/22-23 - 21.03.23 | 60042 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല |
| KSEB പുതുനഗരം | തെരുവുവിളക്ക് ലൈൻ വലിക്കൽ (16/22-23 ) | 30/2022-23 -29.03.23 | 239988 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല |

**4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്**

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസ് ഒന്നും നൽകിയിട്ടില്ല.

**4-5 വായ്പ-വായ്പ തിരിച്ചടവ്**

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | തൻവർഷം ലഭിച്ച വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | ആകെ വായ്പ | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |

| | | | | | | |
|---|---|---|---|---|---|---|
| ലൈഫ് മിഷൻ-KURDFC | 160,000 | 28,05,9131 | 2,82,19,131 | 35,68,241 | 0 | 2,46,50,890 |

## 4-6 സ്ഥിരനിക്ഷേപങ്ങൾ

ഒന്നമില്ല

## 4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറി എന്ന ശീർഷകത്തിൽ വാർഷികകണക്കിൽ താഴെ പറയുന്ന തുകകളാണ് ഉള്ളത്

| Head Code | Amount |
|---|---|
| 180400301 | 39700 |
| 180400103 | 27 |
| 180400101 | 170656 |

ഗ്രാമപഞ്ചായത്തിൽ ഓഡിറ്റ് റിക്കവറി രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ലെഡ്ജർ പരിശോധിച്ചതിൽ പല വരവുകളും ഓഡിറ്റ് എൻക്വയറി അടിസ്ഥാനമാക്കിയതോ മറ്റ് തരത്തിലുള്ള തിരച്ചടവുകളോ ആണ്. രസീതി, വൗച്ചർ എന്നിവയിൽ പല വരവുകളുടേയും വിവരങ്ങൾ ചേർത്തിട്ടില്ല. വിവരങ്ങൾ ലഭ്യമായ വരവുകളുടെ വിവരം മാത്രമാണ് താഴെ ചേർത്തിട്ടുള്ളത്.

| റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | തുക (₹) | രസീതി നം. / തിയതി | തുക ഒടുക്കിയ ഉദ്യോഗസ്ഥന്റെ പേരും ഉദ്യാഗപേരും |
|---|---|---|---|---|
| 2019-20 | 1-12 | 21000 | Jr,vr-42200938/ 31.3.23 | വിവരം ലഭ്യമായില്ല |
| 2013-14, 14-15 | 3(19) | 9321 | 1220100877/ 16.5.22 | എം.ചന്ദ്രൻ |
| 2016-17 | 3(11) | 772 | 1220100878/ 8.6.22 | എം.ചന്ദ്രൻ |
| 2017-18 | 2 | 2500 | 1220200524 | Co-op Urban Bank |
| 2019-20 | 1-12 | 1000 | 1220200656/19.8.22 | എം.സൈനലബ്ദീൻ |
| 2018-19 | 1-32 | 560 | 1220200704/24.8.22 | മുകുന്ദൻ |
| 2019-20<br>2020-21 | 1-12<br>1-12-1 | 21000 | 1220200812/2.9.22 | കെ.എം.നിസാർ, |
| 2019-20 | 1-11-2 | 3000 | 1220201021/24.9.22 | രാംകോ ഇൻഡസ്ട്രീസ് |
| 2021-22 | 1-11-2 | 3000 | 1220201023/24.9.22 | രാംകോ ഇൻഡസ്ട്രീസ് |
| 2019-20 | 1-11-2 | 4200 | 1220201040/26.9.22 | സീതാലക്ഷ്മി റൈസ് മിൽ |
| 2020-21 | 1-11-2 | 4200 | 1220201040/26.9.22 | സീതാലക്ഷ്മി റൈസ് മിൽ |
| 2021-22 | 1-12 | 4200 | 1220201043/26.9.22 | സീതാലക്ഷ്മി റൈസ് മിൽ |

| | | | | |
|---|---|---|---|---|
| 2019-20 | 1-11-2 | 4320 | 1220201088/1-11-22 | ലഭ്യമല്ല |
| 2020-21 | 1-11-2 | 4320 | 1220201089/28-9-22 | മാനേജർ |
| 2021-22 | | 4320 | 1220201090/28-9-22 | മാനേജർ |
| 2020-21 | 1-20 | 52876 | 1220201732/5-11-22 | പി.സുരേഷ് |
| 2020-21 | 1-22 | 5000 | 1220202107/22.11.22 | തേജസ് ടൈലറിംഗ് യൂണിറ്റ് |
| 2020-21 | 1-22 | 2000 | 1220203215/31.12.22 | തേജസ് ടൈലറിംഗ് യൂണിറ്റ് |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|
| 2015-16 | 5-2 | ഗ്രാമപഞ്ചായത്തുകളിലെ കമ്പ്യൂട്ടർ വത്കരണം- വിഷയാധിഷ്ഠിത അവലോകനം | നിയമസഭാ സമിതിയുടെ പരിഗണനയിൽ |

## 4-9 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

**(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക**

തുക ഈടാക്കിയിട്ടില്ല.

**(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക**

തുക ഈടാക്കിയിട്ടില്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | തുക (രൂപ) |
|---|---|
| ഓഡിറ്റ് വർഷത്തെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | 70984325 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 36012195 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 0 |
| ഭാഗം-1 ലെ ഖണ്ഡികകൾ പ്രകാരമുള്ള നഷ്ടം | 15949 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 100050 |

**(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

**ഒന്നുമില്ല**

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-19 | 1,00,050 | ശ്രീമതി. സലീന.ബി.എച്ച് ഐ.സി.ഡി.എസ്.സൂപ്പർവൈസർ |

**ഭാഗം 1 ലെ ഖണ്ഡികകൾ പ്രകാരം പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-25 | 15949 | ശ്രീമതി. ജയനിർമല. ബി , അസി.എഞ്ചിനിയർ |
| ആകെ | 15949 | |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഒന്നുമില്ല

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഒന്നുമില്ല

**(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.ജയനിർമല. ബി. അസി.എഞ്ചിനീയർ | വിരമിച്ചു | ജയനിർമല. ബി കെ.പി.ഹൗസ് V/65 തെക്കേത്തറ അകത്തേത്തറ (പിഒ) പാലക്കാട് -678008 |
| ശ്രീമതി. സലീന.ബി.എച്ച് | വിരമിച്ചു | പാലക്കലകത്തിൽ, ആന്ത്രാംകുന്ന് കല്ലേക്കാട് (പി ഒ) പാലക്കാട് |

**4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ**

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1997-98 | LF.P7-748/89/7.6.01 |
| 1998-99 | LF.P7-648/01/7.7.01 |
| 1999-20 | LF.P7-793/04/5.11.05 |
| 2000-01 | LF.P7-793/04/5.11.05 |
| 2001-02 | LF.P7-762/06/19.2.07 |
| 2002-03 | LF.P7-763/06/19.2.07 |
| 2003-04 | LF.2091/Spl.Cell/22.7.08 |
| 2004-05 | LF.P15-1511/10 |
| 2005-06 | LF.P15-1345/10/18.11.10 |
| 2006-07 | LF.P15-1607/12/10.9.12 |
| 2007-08 | LF.P15-1749/11/26.12.11 |
| 2008-09 | LF.P15-1605/12/23.12.12 |
| 2009-10 | LF.P15-946/14/03.09.14 |
| 2010-11 | LF.P15-946/14/03.09.14 |
| 2011-12 | LF.P15-946/14/03.09.14 |
| 2012-13 | LF.P15-2250/14/09.03.15 |
| 2013-14, 2014-15 | K.S.A- P.K.D/15/591/ 2016/11.7.2016 |
| 2015-16 | KSA PKD/15/2136/16/29-12-16 |
| 2016-17 | കെ.എസ്.എ.പി.കെ.ഡി.15/ 1886/2017 |
| 2017-18 | കെ.എസ്.എ.പി.കെ.ഡി.15/ 774/2019 |
| 2018-19 | കെ.എസ്.എ.പി.കെ.ഡി.15/ 508/2020/19.05.2020 |
| 2019-20 | കെ.എസ്.എ.പി.കെ.ഡി.15/1183 /22/05.07.2022 |
| 2020-21 | കെ.എസ്.എ-പി.കെ.ഡി-15/1184/22/05 /07/2022 |

| | |
|---|---|
| 2021-22 | കെ.എസ്.എ-പി.കെ.ഡി-15/601/23/dated 20/4/23 |

**ഡെപ്യൂട്ടി ഡയറക്ടർ**

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 2 dated 27-07-2023 and submitted on 29-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03- 2023 , with supporting forms, of the Kannadi Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.
ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.
iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,
I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Kannadi Grama Panchayat for the year 2022-2023

**Date: 16/12/2023**

**Deputy Director**
**District Office Palakkad**
**Kerala State Audit Department**

# Audit Report appended to the Audit Certificate of Kannadi Grama Panchayat for the Year 2022-2023 .

**1.Major Observations**

NIL

**2.Other Observations**

.1.Cash flow statement- net increase in cash flow does not match with the diference between the opening balance and closing balance of cash & cash equivalents.

2 The following mandatory financial statements prescribed in accounting rules are not submitted for audit
Ratios
Notes to accounts

3.The demand registers are not periodically reconciled with accounts

4. Cheques issued during previous year but not encashed are not transferred to stale cheque account.

5.The asset value shown in Balance sheet is not traceable to asset register due to unsupported design of existing asset register.

6. Depreciation not provided for assets

7. Difference between Bank book closing balance shown in RP-40 B & Bank reconciliation statement.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പാലക്കാട് ജില്ലയിലെ കണ്ണാടി ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## Annexure 3

## വാർഷിക പത്രികകൾ

| Kannadi Grama Panchayat RECEIPT & PAYMENT STATEMENT | | | |
|---|---|---|---|
| For the period from 01-April-2022 to 31-March-2023 | | | |
| Code.No | Description of Items | Schedule No | Amount |
| | **RECEIPTS** | | |
| | **Opening Balance** | | |
| Bank | Bank | RP-40(a) | 25232625.00 |
| Cash | Cash | RP-40(a) | 26360.00 |
| | **Operating** | | |
| 110000000 | Tax Revenue | RP-1 | 2533360.00 |
| 130000000 | Rental income from Panchayat Properties | RP-3 | 87980.00 |
| 140000000 | Fees & User Charges | RP-4 | 483007.00 |
| 150000000 | Sale & Hire Charges | RP-5 | 124538.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 12029200.00 |
| 171000000 | Interest Earned | RP-9 | 577536.00 |
| 190000000 | Prior Period Income | RP-11 | 31300.00 |
| 210000000 | Establishment Expenses | RP-12 | 90552.00 |
| 290000000 | Transfer to Reserve Funds / Prior Period Item(ILGMS) | RP-25 | 4200.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 13562659.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 13995945.00 |
| 460000000 | Loans, Advances and Deposits | RP-49 | 44000.00 |
| | **Non Operating** | | |
| 180000000 | Other Income | RP-10 | 267765.00 |
| 330000000 | Secured Loans | RP-31 | 160000.00 |
| 340000000 | Deposits Received | RP-33 | 139383.00 |
| 350000000 | Other Liabilities | RP-35 | 1593915.00 |
| | **Grand total** | | **70984325.00** |
| | **PAYMENTS** | | |
| | **Operating** | | |

| | | | |
|---|---|---|---|
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 13.00 |
| 415000000 | Annual plan - Capital Expences(Infrastructure Sector) | RP-42 | 3157.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 9896834.00 |
| 460000000 | Loans, Advances and Deposits | RP-49 | 2127096.00 |
| | **Non Operating** | | |
| 340000000 | Deposits Received | RP-33 | 112712.00 |
| 350000000 | Other Liabilities | RP-35 | 23872383.00 |
| | **Closing Balance** | | |
| Bank | Bank | RP-40(b) | 34972130.00 |
| Cash | Cash | RP-40(b) | 0.0 |
| | **Grand Total** | | **70984325.00** |

**Kannadi Grama Panchayat**
**INCOME & EXPENDITURE STATEMENT**

For the period from 01-April-2022 to 31-March-2023

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | **INCOME** | | |
| 110000000 | Tax Revenue | I-1 | 7780045.00 |
| 120000000 | Assigned Revenues, Shared Taxes and Compensations (BLOCKED) | I-2 | 0.0 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 453252.00 |
| 140000000 | Fee & User Charges | I-4 | 807547.00 |
| 150000000 | Sale & Hire Charges | I-5 | 124538.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 121533544.00 |
| 170000000 | Income from Investments | I-7 | 0.0 |
| 171000000 | Interest Earned | I-8 | 577536.00 |
| 180000000 | Other Income | I-9 | 267765.00 |
| 190000000 | Prior Period Income | I-19 | 676024.00 |

| | | | |
|---|---|---|---|
| | **Total Income** | | **131544227.00** |
| | **EXPENDITURE** | | |
| 210000000 | Establishment Expenses | I-10 | 10463815.00 |
| 220000000 | Administrative Expenses | I-11 | 1054793.00 |
| 230000000 | Operations & Maintenance | I-12 | 2218630.00 |
| 240000000 | Interest & Finance Charges | I-13 | 14320.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 8136630.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(A) | 32378623.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(B) | 4899517.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(C) | 24044321.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(D) | 40244700.00 |
| 255000000 | Maintenance Projects | I-14(E) | 0.0 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-14(F) | 1252358.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 0.0 |
| 270000000 | Provisions and Write off | I-16 | 0.0 |

| | | | |
|---|---|---|---|
| 271000000 | Miscellaneous Expenses on Disposal of Assets and Investments | I-17 | 0.0 |
| 272000000 | Depreciation | I-17(A) | 0.0 |
| | **Total Expenditure** | | **124707707.00** |
| | **Gross Surplus / Deficit of income over Expenditure** | | **6836520.00** |
| | **Gross Surplus / Deficit of income over Expenditure** | | **7508344.00** |
| 290000000 | Transfer to Reserve Funds/Prior Period Item(ILGMS) | I-18 | -4200.00 |
| | **Net Balance being surplus/ deficit carried over to Balance Sheet (Panchayat Fund)** | | **671824.00** |

**Kannadi Grama Panchayat**
**BALANCE SHEET**

As on 31-03-2023

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | **LIABILITIES** | | |
| | **Reserve & Surplus** | | |
| 310000000 | Panchayat / Municipal Fund | B-1 | 37178443.60 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 6315.00 |
| 312000000 | Reserves | B-3 | 75323903.00 |
| | **Total Reserve & Surplus** | | **112508661.60** |
| | **Grants, Contributions for Specific Purposes** | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 12708239.00 |
| | **Total Grants, Contributions for Specific Purposes** | | **12708239.00** |
| | **Loans** | | |
| 330000000 | Secured Loans | B-5 | 24650890.00 |
| 331000000 | Unsecured Loans | B-6 | 0.0 |
| | **Total Loans** | | **24650890.00** |
| | **Current Liabilities & Provisions** | | |

| | | | |
|---|---|---|---|
| 340000000 | Deposits Received | B-7 | 1007376.00 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 2453222.40 |
| 360000000 | Provisions | B-10 | 0.0 |
| | **Total Current Liabilities and Provisions** | | **3460598.40** |
| | **TOTAL LIABILITIES** | | **153328389.00** |
| | **ASSETS** | | |
| | **Fixed Assets** | | |
| 410000000 | Fixed Assets | B-11 | 3249342.00 |
| 412000000 | Capital Work in Progress | B-11(b) | 1191109.00 |
| 413000000 | Annual Plan - Capital Expences (Productive Sector) | B11-(c) | 1286660.00 |
| 414000000 | Annual Plan - Capital Expences (Service Sector) | B11-(d) | 15486483.00 |
| 415000000 | Annual Plan - Capital Expences (Infrastructure Sector) | B11-(e) | 70358594.00 |
| 416000000 | Accumulated Depreciation | B-11(a) | -10888141.00 |
| | **Total Fixed Assets** | | **80684047.00** |
| | **Investments** | | |
| 420000000 | Investments-General Fund | B-12 | 0.0 |
| 421000000 | Investments - Other Funds / Sundry Debtors | B-13 | 0.0 |
| | **Total Investments** | | **0.0** |
| | **Current Assets, Loans and Advances** | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 9981102.00 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | 0.0 |
| 440000000 | Pre-paid Expenses | B-16 | 24610890.00 |
| 450000000 | Cash and Bank Balance | B-17 | 34972130.00 |
| 460000000 | Loans, Advances and Deposits | B-18 | 3080220.00 |
| 461000000 | Accumulated Provisions against Loans,Advances and | B-18(a) | 0.0 |

| | | | |
|---|---|---|---|
| | Deposits | | |
| | **Total Current Assets, Loans and Advances** | | **72644342.00** |
| | **Other Assets** | | |
| 470000000 | Other Assets | B-19 | 0.0 |
| | **Total Other Assets** | | **0.0** |
| | **Miscellaneous Expenditure (To the Extent not written off)** | | |
| 480000000 | Miscellaneous Expenditure to be written off | B-20 | 0.0 |
| | **Total Miscellaneous Expenditure (To the Extent not written off)** | | **0.0** |
| | **TOTAL ASSETS** | | **153328389.00** |

**DEPUTY DIRECTOR**